കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി.19-2119/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 14-11-2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്

(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:-</u>

1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-19-2119/2018 തിയ്യതി: 14-11-2018

## പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28-06-2017 മുതൽ തിയതി 16-9-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകുകയും എല്ലാ കുറിപ്പുകൾക്കും മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-9-2018 മുതൽ 27-9-2018 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എ.നസീറാബാനു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.കെ.ആർ.രമാദേവി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ലിക്സി അലക്സ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജയശ്രീ.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.ഇ.വി.ഗിരീഷ് | 1-4-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സ്വാതി ലക്ഷ്മി. പി.വി | 1-4-2017 മുതൽ 7-10-2017 വരെ |
| | ശ്രീമതി.ശരണ്യ.എസ്.എസ് | 8-10-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി.ശ്രീജ.പി | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ - 2 | ശ്രീ.പ്രമോദ്.പി | 1-4-2017 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷൈലജ.ബി | 1-4-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ഉമ.ടി.എൻ | 1-4-2017 മുതൽ 20-10-2017 വരെ |

| | | |
|---|---|---|
| | ശ്രീ.സേതു.എസ് | 21-10-2017 മുതൽ<br>31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.വിനീത.ഇ | 1-4-2017 മുതൽ<br>25-12-2017 വരെ |
| | ഡോ.ടി.എച്ച്.സബ്ന | 26-12-2017 മുതൽ<br>31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.സൗമ്യമോൾ.പി.എം | 1-4-2017 മുതൽ<br>31-3-2018 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.എസ്.കാർത്തികേയൻ | 1-4-2017 മുതൽ<br>31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡോ.പ്രിൻസി.എസ്.ജോൺ | 1-4-2017 മുതൽ<br>31-3-2018 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ | 1-12 |

## ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | രസീതികൾ മുഖേനയുള്ള പണം പിരിവിന്റെ കൃത്യതയും ഒടുക്കിന്റെ കൃത്യതയും ഉത്തരവാദപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ് | 2-1 |
| 2 | വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് | 2-2 |
| 3 | എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് | 2-3 |
| 4 | കെട്ടിട നിർമ്മാണ പെർമിറ്റ് - സങ്കേതം സോഫ്റ്റ്‌വെയറിലെ ഡാറ്റകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 2-4 |
| 5 | ഡി അന്റ് ഓ ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-5 |
| 6 | ഓണർഷിപ്പ് മാറ്റുന്നതിനുള്ള ഫീസ് ഈടാക്കുന്നതിന് നിയമ സാധുതയില്ല | 2-6 |
| 7 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 2-7 |

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ്

പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ പൊതുഭരണം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് . | 3-1 |
| 2 | വാങ്ങലുകളിൽ പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3-2 |
| 3 | കൃഷി ഓഫീസറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.പി അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക വിനിയോഗിക്കേണ്ടതാണ് | 3-3 |
| 4 | മൃഗസംരക്ഷണമേഖലയിൽ പട്ടികജാതി വിഭാഗക്കാർക്കായി ആവിഷ്കരിക്കപ്പെട്ട പദ്ധതി നടപ്പിലാക്കിയില്ല | 3-4 |
| 5 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടതാണ് | 3-5 |
| 6 | ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണെന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കേണ്ടതാണ് | 3-6 |
| 7 | വിവിധ വാർഡുകളിൽ പമ്പ് ഹൗസ്, മോട്ടോർ സ്ഥാപിക്കൽ-കരാറുകാരന് അധികം തുക അനുവദിച്ചു | 3-7 |
| 8 | കിഴക്കേക്കുളം എസ്.സി കോളനി റോഡ് നവീകരണം-പദ്ധതി നിർവ്വഹണത്തിലും തുക അനുവദിച്ചതിലും അപാകത | 3-8 |
| 9 | ബില്ലുകൾ തയ്യാറാക്കുന്നതിൽ കൃത്യത പാലിച്ചില്ല - കരാറുകാർക്ക് അധികം തുക നൽകി | 3-8 |
| 10 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-10 |
| 11 | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 3-11 |
| 12 | അങ്കണവാടികൾക്ക് ഫർണീച്ചർ, കമ്പ്യൂട്ടർ വാങ്ങിയതിലെ നടപടിക്രമങ്ങളിലെ അപാകങ്ങൾ | 3-12 |
| 13 | പട്ടികജാതി, പട്ടികവർഗ്ഗ സ്കൂൾ കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകൽ -പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 3-13 |
| 14 | പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലായില്ല | 3-14 |

| | | |
|---|---|---|
| 15 | എസ്.എസ്.എ തുക നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-15 |
| 16 | കൊച്ചിക്കാട് എസ്.ടി കോളനി കമ്മ്യൂണിറ്റി ഹാളിന്റെ നിയന്ത്രണം ഉറപ്പാക്കേണ്ടതാണ് | 3-16 |
| 17 | പൊതുടാപ്പുകളുടെ എണ്ണം ക്രമീകരിച്ച് വെള്ളക്കരം കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-17 |
| 18 | ഗ്യസ് ക്രിമറ്റോറിയം സ്ഥാപിക്കൽ-പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 3-18 |
| 19 | ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ് | 3-19 |


ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ. | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

24-3-2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് പാസാക്കിയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുന്ന മിനിറ്റ്സ് ലഭ്യമാക്കാത്തതിനാൽ വിശദാംശങ്ങൾ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 22-5-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 04.06.2018 മുതൽ 05.06.2018 വരെ | കെ.എസ്.എ-പികെഡി.21/ 1904(25)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8851694 |
| വരവ് | 84304641 |
| ആകെ | 93156335 |
| ചെലവ് | 85464838 |
| നീക്കിയിരിപ്പ് | 7691497 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ |
|---|---|---|---|---|---|

| | | | | | തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ<br><br>(എ.സി.ആർ പ്രകാരം) | 0 | 16620000 | 16620000 | 14579210 | 2040790 |
| വികസനഫണ്ട് എസ്.സി.പി<br><br>(എ.സി.ആർ പ്രകാരം) | 0 | 13222920 | 13222920 | 6534596 | 6688324 |
| വികസനഫണ്ട് ടി.എസ്.പി<br><br>(എ.സി.ആർ പ്രകാരം) | 0 | | 779683 | 668703 | 110980 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ്<br><br>(എ.സി.ആർ പ്രകാരം) | 0 | 20054000 | 20054000 | 20054000 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്<br><br>(എ.സി.ആർ പ്രകാരം) | 0 | 3585000 | 3585000 | 3212822 | 372178 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7805034 | 7805034 | 6853247 | 951787 |
| കെ.എൽ.ജി.എസ്.ഡി.പി (എ.സി.ആർ പ്രകാരം) | 0 | 772183 | 772183 | 723776 | 48407 |
| ദുരിതാശ്വാസ നിധി | 16022 | 721 | 16743 | 0 | 16743 |
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനി സ്റ്റേറ്റീവ് ചെലവ് | 59414 | 1384596 | 1444010 | 1441930 | 2080 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴി ലാളികളുടെ വേതനം | 0 | 26599487 | 26599487 | 26599487 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | 0 | 50924177 | 50924177 | 50924177 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് | 457598 | 4397058 | 4854656 | 2384004 | 2470652 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | 0 | 2452942 | 2452942 | 2427705 | 25237 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1964092 | 8996000 | 10960092 | 10385229 | 574863 |
| തനത് ഫണ്ട്-ബാങ്ക് | 4575482 | 4625125 | 9200607 | 4518614 | 4681993 |
| തനത് ഫണ്ട്-ട്രഷറി | | | | | |
| ബി ഫണ്ട് | 0 | 47870110 | 47870120 | 47870120 | 0 |
| മറ്റിനം (ബാങ്ക്&ട്രഷറി) | 2269459 | 853227 | 3122736 | 735666 | 2387070 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 104561450 | 154 | 60226794 | | 82 | 65 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 65% എണ്ണം മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 58% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 8767645 | 8650000 | 99 |
| വി.ഇ.ഒ – 1, 2 | 17 | 10 | 12025000 | 3960000 | 33 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 5866000 | 5088984 | 87 |
| സെക്രട്ടറി | 36 | 19 | 19441131 | 9285557 | 26 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 170 | 114 | 55495674 | 31109227 | 48 |
| മെഡിക്കൽ ഓഫീസർ-PHC | 1 | 1 | 700000 | 683026 | 98 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 500000 | 500000 | 100 |
| വെറ്ററിനറി സർജ്ജൻ | 2 | 0 | 816000 | 0 | 0 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 950000 | 950000 | 100 |
| ആകെ | 236 | 154 | 104561450 | 60226794 | 58 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 59414 | 1384596 | 1444010 | 1441930 | 2080 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 26599487 | 26599487 | 26599487 | 0 |
| ആകെ | 59414 | 27984083 | 28043497 | 28041417 | 2080 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 28920 | 32 |
| 2 | കർഷകതൊഴിലാളി പെൻഷൻ | 8275000 | 691 |
| 3 | വിധവാപെൻഷൻ | 13829400 | 1202 |
| 4 | വാർദ്ധക്യകാലപെൻഷൻ | 21954200 | 1952 |
| 5 | വികലാംഗപെൻഷൻ | 2682000 | 244 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 770600 | 83 |

# 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-9-2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8203 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. ബജറ്റിന് മുന്നോടിയായി നടത്തേണ്ട യോഗങ്ങൾ നടത്തി ആവശ്യകത കൃത്യമായി നിർണ്ണയിച്ചതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വസ്തു നികുതിയിലെ ഡിമാന്റ് സഞ്ചയയുമായി പൊരുത്തപ്പെടാത്ത സാങ്കേതിക പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല.

വസ്തു നികുതി കുടിശ്ശികയിനത്തിൽ 4 ലക്ഷം രൂപ പിരിച്ചെടുക്കുവാനുണ്ട്.

വാങ്ങലുകൾ നടത്തിയപ്പോൾ സ.ഉ(പി)നം.259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തിട്ടില്ല. വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുവാൻ ശ്രദ്ധിച്ചിട്ടില്ല.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിൽ സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതായി അധികൃതർ അറിയിച്ചിട്ടുണ്ട്. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.

ഉപയോഗത്തിലുള്ള സോഫ്റ്റ്‌വെയറുകളിൽ വസ്തു നികുതി കണക്കാക്കുന്നതിനായി ഉപയോഗിക്കുന്ന സാംഖ്യയിൽ നിലനിൽക്കുന്ന സാങ്കേതികമായ അപാകത പരിഹരിക്കപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള സങ്കേതം സോഫ്റ്റ്‌വെയറിൽ പുതുക്കിയ ചട്ടങ്ങൾ അനുസരിച്ച് മാറ്റങ്ങൾ വരുത്തിയതായി കാണുന്നില്ല. സങ്കേതം സോഫ്റ്റ്‌വെയറിൽ ദിവസം കണക്കാക്കുന്നത് അപേക്ഷ സമർപ്പിച്ച തിയതി മുതൽക്കാണ്. ദിവസം കണക്കാക്കുന്നത് പെർമിറ്റ് ഫീസ് അടക്കുന്ന തിയതി മുതൽക്ക് ആക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. ആയത് ഉചിതമായ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടില്ല. ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും 2016-ന് ശേഷം പുതുക്കിയിട്ടില്ല.

- ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

<u>വിവിധ മാന്വലുകൾ പ്രയോഗത്തിൽ വരുത്തേണ്ടതാണ്</u>

ഗ്രാമപഞ്ചായത്തിന്റേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും വിവിധ ചുമതലകളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി കെ.എൽ.ജി.എസ്.ഡി.പിയുടെ സഹായത്തോടെ തയ്യാറാക്കുകയും സർക്കാർ അംഗീകരിച്ചിട്ടുമുള്ള വിവിധ മാന്വലുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | മാന്വലിന്റെ പേര് | സർക്കാർ ഉത്തരവ് / തിയതി |
|---|---|---|
| 1 | ബജറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.3291/16/ എൽ.എസ്.ജി.ഡി/02-12-2016 |
| 2 | ജന്റർ ബജറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.1750/17/ എൽ.എസ്.ജി.ഡി/27-05-2017 |
| 3 | ഫിനാൻസ് മാനേജ്മെന്റ്(റവന്യൂ) മാന്വൽ | സ.ഉ(ആർ.ടി)നം.1833/17/ എൽ.എസ്.ജി.ഡി/02-06-2017 |
| 4 | അസറ്റ് മാനേജ്മെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.166/17/ എൽ.എസ്.ജി.ഡി/20-01-2017 |
| 5 | ഗ്രീവൻസ് റിഡ്രസ്സൽ മാന്വൽ | സ.ഉ(ആർ.ടി)നം.1558/17/ എൽ.എസ്.ജി.ഡി/12-05-2017 |
| 6 | ഓഫീസ് മാനേജ്മെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.1699/2017/ എൽ.എസ്.ജി.ഡി/24-05-2017 |
| 7 | പബ്ലിക് റിപ്പോർട്ടിംഗ് മാന്വൽ | സ.ഉ(ആർ.ടി)നം.1747/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 8 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം-പിഎച്ച്സി മാന്വൽ | സ.ഉ(ആർ.ടി)നം.1846/2017/ എൽ.എസ്.ജി.ഡി/03-06-2017 |
| 9 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1615/2017/ എൽ.എസ്.ജി.ഡി/17-05-2017 |

| | | |
|---|---|---|
| 10 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- ഹോമിയോപതി ഡിസ്പെൻസറി/ ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1616/2017/ എൽ.എസ്.ജി.ഡി/17-05-2017 |
| 11 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- അങ്കണവാടി മാന്വൽ | സ.ഉ(ആർ.ടി)നം.1830/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 12 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- കൃഷിഭവൻ മാന്വൽ | സ.ഉ(ആർ.ടി)നം.1831/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 13 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- പ്രൈമറി സ്കൂൾ മാന്വൽ | സ.ഉ(ആർ.ടി)നം.1748/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 14 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം-വെറ്ററിനറി ഡിസ്പെൻസറി/ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1832/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 15 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- മത്സ്യഭവൻ മാന്വൽ | സ.ഉ(ആർ.ടി)നം.1749/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 16 | പെർഫോമൻസ് ഓഡിറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.166/17/ എൽ.എസ്.ജി.ഡി/20-01-2017 |
| 17 | പ്രൊക്യൂർമെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.2487/2017/ എൽ.എസ്.ജി.ഡി/20-08-2016<br>(കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം മരവിപ്പിച്ചു) |

ഗ്രാമപഞ്ചായത്തുകളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും മാന്വലുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11-09-2018 | 08/2018 | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-07-2018 മുതൽ 07-08-2018 വരെ | 2013-14 മുതൽ 2017-18 വരെ | 03-09-2018 |

## 1-12 വാർഷിക കണക്കുകകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

ഒന്നുമില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതികൾ മുഖേനയുള്ള പണം പിരിവിന്റെ കൃത്യതയും ഒടുക്കിന്റെ കൃത്യതയും ഉത്തരവാദപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്

28-6-2017 മുതൽ 19-9-2018 വരെയുള്ള കാലയളവിലെ രസീതികൾ മുഖേനയുള്ള പണം പിരിവ്, ഒടുക്ക് എന്നിവ പരിശോധിക്കുന്നതോടൊപ്പം ഉദ്യോഗസ്ഥർ തങ്ങളുടെ ചുമതലകൾ കൃത്യമായി പാലിച്ചിട്ടുണ്ടോ എന്ന് കൂടി വിലയിരുത്തുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ആയതനുസരിച്ച് നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. മാന്വൽ രസീതികൾ-പിരിവ് തുക അടവാക്കൽ – മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതാണ്

മേൽ കാലയളവിലെ 23 മാന്വൽ രസീതികളും സാംഖ്യയിലുള്ള രസീതികളും പരിശോധനയ്ക്ക് വിധേയമാക്കി. 28-6-2017 മുതൽ 16-9-2018 വരെയുള്ള മാന്വൽ രസീതി പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. 27-2-2018 തീയതിയിലെ രസീതി നമ്പർ 55/19626 ൽ 500 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കളക്ഷൻ രജിസ്റ്ററിൽ 250 രൂപ എന്നാണ്

രേഖപ്പെടുത്തിയിരിക്കുന്നത്. 250 രൂപ കുറവായാണ് ഒടുക്കിയിട്ടുള്ളത് .

2. 19637 നമ്പർ രസീതി ബുക്കിലെ രസീതി നമ്പർ 1 മുതൽ 39 വരെ കളക്ഷൻ രജിസ്റ്ററിൽ ആകെ കൂട്ടി രേഖപ്പെടുത്തിയ തുക 18008 രൂപയാണ്. പക്ഷേ ഇതിന്റെ യഥാർത്ഥ തുക 18446 രൂപയാണ്. 438 രൂപ കുറവാണ്. 18008 രൂപയാണ് ഡേ ബുക്കിലും വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

തുക ഒടുക്കിയതിലെ കുറവ് ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം (നം.13/24.09.2018) നല്കിയതിന്റെ ഫലമായി ആകെ 688 രൂപ താഴെപ്പറയും പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി.

1. 118050102292/24.9.18-250 രൂപ (ഡി& ഓ ലൈസൻസ് ഫീസ് 2018-19)

2.118050102291/24.9.18-438 രൂപ (വസ്തു നികുതി, ഷോർട്ട് കളക്ഷൻ)

ഓരോ ദിവസത്തേയും വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

<u>2. സാധ്യ രസീതികൾ-കാൻസൽ ചെയ്യുന്ന രസീതികളുടെ റിപ്പോർട്ട്-കൃത്യത ഉറപ്പാക്കണം</u>

എ. ശ്രീ.കൃഷ്ണൻ എന്നയാളുടെ 120-ാമത്തെ ക്രമ നമ്പറിലുള്ള 16-5-2018 തിയതിയിലെ 118050100573 രസീതി കാൻസൽഡ് രസീതികളിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ രസീതി പ്രകാരം ഡേബുക്കിൽ 174 രൂപ വസ്തു നികുതിയിനത്തിൽ ശ്രീ.കൃഷ്ണൻ എന്നയാളുടെ പേരിൽ വരവു വച്ചിട്ടുണ്ട്. അതിനാൽ യഥാർത്ഥത്തിൽ കാൻസൽ ചെയ്യപ്പെടാത്തതായ ഈ രസീതി കാൻസൽഡ് രസീതി റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

ബി. കാൻസൽഡ് രസീതി റിപ്പോർട്ടിൽ ചില കാൻസൽഡ് രസീതികൾ ഉൾപ്പെട്ടു കാണുന്നില്ല. ഉദാ. 17986091, 1798820, 1799089, 3018827, 3018914.

സ.ഉ(എം.എസ്)നം.150/2009/എൽ.എസ്.ജി.ഡി തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. രസീതികൾ കൈകാര്യ ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസിൽ ക്യാഷ് രസീതി സേവ് ചെയ്ത ശേഷം പ്രിന്റ് വരാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, പ്രിന്റർ ഫാൾട്ട് മുഖേന റീപ്രിന്റ് എടുക്കുമ്പോൾ സ്റ്റേഷനറി നമ്പർ മാറ്റാതെ അതേ സ്റ്റേഷനറി നമ്പറിൽ തന്നെ പ്രിന്റ് ചെയ്ത് രശീതി ലഭിക്കുന്നതിന്റെ ഫലമായാണ് ഇപ്രകാരം സംഭവിക്കുന്നത്.

പ്രിന്റർ ഫോൾട്ട് വരുന്ന പക്ഷം സ്റ്റേഷനറി നമ്പർ പ്രത്യേകം മാറ്റി, തുടർന്ന് ഈ രശീതി അടുത്ത സ്റ്റേഷനറിയിൽ പ്രിന്റ് ചെയ്ത് വരത്തക്കവിധം ശ്രദ്ധിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.16/25.9.18) മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 2-2 വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിൽ ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി സേവനം നൽകുന്ന മേഖല പരിഗണിച്ച് സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പഞ്ചായത്ത് പരിഗണിക്കേണ്ടതാണ്.

## 2-3 എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

തൊഴിൽ നികുതിയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി സ്ഥാപനത്തിലെ നിലവിലുള്ള സ്ഥാപന രജിസ്റ്റർ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചു. എല്ലാ

തൊഴിലുടമകൾക്കും തൊഴിൽ നികുതി ഡിമാൻറ് നോട്ടീസ് നല്കിയിട്ടുണ്ടോ എന്നും അതു പ്രകാരം റിട്ടേണുകൾ ലഭിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചു. റിട്ടേണുകളിൽ അർദ്ധ വാർഷിക വരുമാനം കണക്കാക്കുന്നതിന് ഉൾപ്പെടുത്തേണ്ട എല്ലാ വരവും കണക്കിലെടുത്തിട്ടുണ്ടോ എന്നും, വരുമാനത്തിനനുസൃതമായ സ്ലാബിൽ തന്നെയാണോ നികുതി ഈടാക്കിയിട്ടുള്ളത് എന്നും വിലയിരുത്തിയതിന്റെ ഫലമായി താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടു.

1. സ്ഥാപന നികുതി-ഏതാനും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടും റിട്ടേൺ സമർപ്പിക്കാതിരുന്നതിനാൽ നികുതി അസ്സസ്സ് ചെയ്യുകയോ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

1. ശ്രീ പെട്രോളിയം, വണ്ടിത്താവളം-രണ്ടാം അർദ്ധ വർഷം

2. സി. ജെ .മഹൽ, വണ്ടിത്താവളം - രണ്ടാം അർദ്ധ വർഷം

3. ശ്രീകല ഹോമിയോ ക്ലിനിക്ക്, വണ്ടിത്താവളം - രണ്ടാം അർദ്ധ വർഷം

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടും റിട്ടേൺ സമർപ്പിക്കാതിരുന്നതിനാൽ നികുതി അസ്സസ്സ് ചെയ്യുകയോ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

1. നന്ദിയോട് പോസ്റ്റ് ഓഫീസ്- രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

2. കൊശവൻകോട് പാൽ സൊസൈറ്റി - രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

3. വെറ്ററിനറി ഡിസ്പെൻസറി, നന്ദിയോട്- ഒന്നാം അർദ്ധ വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (14/ 25.9.18) തൊഴിൽ നികുതി ഈടാക്കി, രേഖകൾ സഹിതം അറിയിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട് .

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടേയും വിവരം ഗ്രാമപഞ്ചായത്തിൽ കാലികമാക്കി സൂക്ഷിക്കുന്നുണ്ടെന്ന് ഉന്നതാധികാരികൾ ഉറപ്പാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും /വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

# 2-4 കെട്ടിട നിർമ്മാണ പെർമിറ്റ് - സങ്കേതം സോഫ്റ്റ്‌വെയറിലെ ഡാറ്റകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

കേരള പഞ്ചായത്ത് ബിൽഡിങ്ങ് പെർമിറ്റ് റൂൾസ് 2011, പെർമിറ്റ് റൂൾസിലെ ഭേദഗതി ചട്ടങ്ങൾ (എസ്. ആർ .ഓ- 26/2014, 10.1.14, എസ് . ആർ . ഓ- 675/ 2017, 31.10.17) എന്നിവ പാലിച്ച് തന്നെയാണോ ബിൽഡിങ്ങ് പെർമിറ്റ് അനുവദിക്കുന്നത് എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്. കൂടാതെ പെർമിറ്റ് കൈകാര്യം ചെയ്യുന്നതിനുള്ള ഓൺലൈൻ അപ്ലിക്കേഷൻ ആയ സങ്കേതം സോഫ്റ്റ് വെയറിന്റെ ഉപയോഗം, കാര്യക്ഷമത എന്നിവയും ഓഡിറ്റിൽ വിലയിരുത്തുവാൻ ലക്ഷ്യമിട്ടിരുന്നു. അത്തരത്തിലുള്ള വിലയിരുത്തൽ നടത്തുന്നതിനായി ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ, പെർമിറ്റിനുള്ള അപേക്ഷകൾ (സോഫ്റ്റ്‌വെയറിൽ അപ് ലോഡ് ചെയ്തതിന്റെ ഹാർഡ് കോപ്പി ഉൾപ്പടെ), ബിൽഡിങ്ങ് റെഗുലറൈസേഷൻ അപേക്ഷകൾ, രജിസ്റ്റർ എന്നിവയും, സങ്കേതം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പെർമിറ്റിനുള്ള അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഈടാക്കുന്നതിലെ കൃത്യതയും ഇതോടൊപ്പം വിലയിരുത്തിയിട്ടുണ്ട്.
ഓഡിറ്റ് കണ്ടെത്തലുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

1. പെർമിറ്റ് ഫീസ് കണക്കാക്കിയതിൽ അപാകത

എ, ഗാർഹികവും, വാണിജ്യപരവുമായ ആവശ്യത്തിനുള്ള കെട്ടിട നിർമാണ പെർമിറ്റ് അനുവദിച്ചതിൽ വാണിജ്യ ആവശ്യത്തിനുള്ള ഭാഗത്തിനും ഗാർഹിക ആവശ്യത്തിനുള്ള ഭാഗത്തിനും ഒരേ നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടുണ്ട്. ശ്രീ.ഉണ്ണികൃഷ്ണൻ, തട്ടാൻചള്ള, നന്ദിയോട് എന്ന വ്യക്തിയുടെ A4-BA-89159/17/ 23.12.17നമ്പർ പെർമിറ്റിൽ ആകെ 120.28 ച.മീ ഗാർഹിക ഉപയോഗത്തിനുള്ള കെട്ടിട ഭാഗത്തിനുൾപ്പെടെ, സങ്കേതം സോഫ്റ്റ്‌വെയർ അനുസരിച്ച് ഒരു ചതുരശ്ര മീറ്ററിന് അഞ്ചു രൂപ വാണിജ്യ ആവശ്യത്തിനുള്ള പെർമിറ്റ് ഫീ ഈടാക്കിയിട്ടുണ്ട്.

ബി. ശ്രീ. ജയദാസ്, തണ്ണീർപന്തൽ എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ ഗാർഹികവും, വാണിജ്യപരവുമായ ആവശ്യത്തിനുള്ള കെട്ടിട നിർമാണ പെർമിറ്റ് അനുവദിച്ചതിൽ വാണിജ്യ ആവശ്യത്തിനുള്ള ഭാഗത്തിനും ഗാർഹിക കെട്ടിടത്തിന്റെ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നത്.

പെർമിറ്റ് നമ്പർ A5-28399/17/ 15.6.17 - 408.25 രൂപ.

2. സങ്കേതം സോഫ്റ്റ്‌വെയറിന്റെ കാര്യക്ഷമത വിലയിരുത്തൽ

എ. 31.10.17 ലെ ഭേദഗതി ചട്ടങ്ങൾക്കനുസൃതമായല്ല സങ്കേതം സോഫ്റ്റ്‌വെയറിൽ പെർമിറ്റ് ഫീസ് കണക്കാക്കുന്നത്. 300 ച.മീ. ലധികമുള്ള, എഫ്.എ.ആർ കൂടിയ കെട്ടിടങ്ങൾക്കുള്ള

അധിക നിരക്കിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ സാധ്യതയുള്ള വരുമാനം നഷ്ടമാകാൻ ഇടയുണ്ട്. പുതുക്കിയ ചട്ടമനുസരിച്ച് 300 $m^2$ ലധികമുള്ള, എഫ്.എ.ആർ നിശ്ചിത അളവിൽ കൂടിയ കെട്ടിടങ്ങൾക്ക് ഓരോ അധിക ചതുരശ്ര മീറ്ററിനും 5000 രൂപ നിരക്കിലാണ് അധിക ഫീസ് ഈടാക്കേണ്ടത്. സങ്കേതം സോഫ്റ്റ്‌വെയറിൽ കാറ്റഗറി I, II പഞ്ചായത്തുകൾക്ക് യഥാക്രമം 500, 1000 രൂപ എന്നാണ് ചേർത്തിരിക്കുന്നത്.

ബി. കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ തരം സങ്കേതത്തിൽ തെറ്റായി നൽകിയാൽ പെർമിറ്റ് ഫീസിനത്തിൽ കാര്യമായ വ്യത്യാസം ഉണ്ടാകുവാനിടയുണ്ട്. ആയതിനാൽ സങ്കേതത്തിൽ ഉൾപ്പെടുത്തിയ വിവരങ്ങളുടെ കൃത്യത മാന്വൽ ആയി സമർപ്പിക്കുന്ന രേഖകളുമായി പൊരുത്തപ്പെടുത്തി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ പരിശോധിക്കേണ്ടതാണ്.

സി. ഇ-ഫയലിങ്ങ് മുഖേന ലഭിച്ച അപേക്ഷകളിലെ പിഴവുകൾ പരിഹരിക്കുന്നതിനായി ഒരിക്കൽ മാത്രമേ റിജക്റ്റ് ചെയ്യാൻ കഴിയൂ എന്നതും ഈ സോഫ്റ്റ് വെയറിന്റെ പ്രശ്നമായി ഇത് ഉപയോഗിക്കുന്ന ജീവനക്കാർ അറിയിച്ചു.

ഡി. സങ്കേതം സോഫ്റ്റ്‌വെയറിന്റെ യൂസേജ്സിനെ നിശ്ചയിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിവിധ സെക്ഷനുകൾക്ക് അനുവദിച്ചിട്ടുള്ള പ്രിവിലേജിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്. പാസ്‌വേർഡിന്റെ രഹസ്യ സ്വഭാവവും ഉറപ്പാക്കേണ്ടതാണ്.

ഇതേക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് (14/25.9.18) മറുപടിയായി, അപാകതകൾ പരിഹരിക്കുന്നതിനായി പിഴവുകൾ ഐ.കെ.എമ്മിലേയ്ക്ക് അറിയിച്ചിട്ടുണ്ട് എന്നറിയിച്ചു. സോഫ്റ്റ്‌വെയർ കണക്കാക്കുന്ന പെർമിറ്റ് ഫീസിന്റെ കൃത്യത മാനുവലായും പരിശോധിച്ച് ഉറപ്പാക്കുന്നതാണ് എന്നും പഞ്ചായത്ത് അധികൃതർ മറുപടി നല്കിയിട്ടുണ്ട് .

കാലാകാലങ്ങളിൽ ചട്ടങ്ങളിൽ ഉണ്ടാകുന്ന ഭേദഗതികൾക്കനുസൃതമായി സങ്കേതം സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ ഉൾപ്പെടുത്തുന്നുണ്ടോ എന്ന് പ്രത്യേകം ഉറപ്പാക്കേണ്ടതാണ്. സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകളും ഉന്നതാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി അന്റ് ഓ ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ്

നൽകൽ)ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് പരമാവധി ഫീസ് ഈടാക്കേണ്ടത്.

പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനായി 20.12.17 ലെ 31/31 നമ്പർ തീരുമാനമെടുത്തിട്ടുണ്ട്. ആയതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# 2-6 ഓണർഷിപ്പ് മാറ്റുന്നതിനുള്ള ഫീസ് ഈടാക്കുന്നതിന് നിയമ സാധുതയില്ല

വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ ഓണർഷിപ്പ് മാറ്റുന്നതിനുള്ള ഫീസ് എന്ന ഇനത്തിൽ 2017-18 വർഷത്തിൽ 61156 രൂപ ഗ്രാമപഞ്ചായത്തിന് വരവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. അത്തരത്തിൽ ഫീസ് ഈടാക്കുന്നതിന് നിയമപരമായി സാധുതയുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള വസ്തുതകൾ താഴെ ചേർക്കുന്നു.

എ. വസ്തു കൈമാറ്റ തീരുവ

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 206(1)(എ) പ്രകാരം വസ്തു കൈമാറ്റത്തിന്മേലുള്ള കരം ചുമത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടുന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവെ സംബന്ധിക്കുന്നതുമായ ഓരോ കാരണത്തിലും 1959 ലെ കേരള മുദ്രപത്ര ആക്ട് പ്രകാരം ചുമത്തിയിട്ടുള്ള നികുതിയിന്മേലുള്ള ഒരു സർചാർജ്ജിന്റെ രൂപത്തിലാവേണ്ടതാണ്. വകുപ്പ് 206(3) വ്യവസ്ഥ ചെയ്യുന്നത് കരം പിരിക്കുകയും, അത് ഗ്രാമപഞ്ചായത്തിന് കൊടുക്കുകയും അത് പിരിച്ചെടുക്കുന്നതിൽ സർക്കാരിന് നേരിട്ട ഏതെങ്കിലും ചെലവ് കിഴിക്കുകയും ചെയ്യുന്നതും ക്രമപ്പെടുത്താൻ സർക്കാരിന്, നിയമത്തിന് വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് എന്നാണ്. വകുപ്പ് 206(4) പ്രകാരം വസ്തു കൈമാറ്റത്തിന്മേലുള്ള കരമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സഞ്ചയിക്കേണ്ടതും, കരം പിരിച്ചെടുക്കുന്നതിനുള്ള ചെലവായി അതിൽ നിന്നും മൂന്നുശതമാനം കുറവുചെയ്തശേഷം ഗ്രാമപഞ്ചായത്തുകൾക്കിടയിൽ വിതരണം ചെയ്യേണ്ടതാണ്.

ബി. ധനകാര്യ കമ്മീഷൻ ശുപാർശയും ജനറൽ പർപ്പസ് -മെയ്ന്റനൻസ് ഗ്രാന്റുകളും

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതു ആവശ്യ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും

നൽകണമെന്ന് രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ജി.ഒ(എം.എസ്)നം.330/2004 തിയതി 09.12.2004 പ്രകാരം അടിസ്ഥാന നികുതി, മോട്ടോർ വാഹന നികുതി പരിഹാര തുക, വസ്തു കൈമാറ്റ നികുതി മുതലായ ഏൽപ്പിക്കപ്പെട്ട/വിഭജിച്ച് നൽകുന്ന നികുതികൾക്ക് പകരമായി പൊതു ആവശ്യ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ നൽകുവാൻ സർക്കാർ ഉത്തരവായിട്ടുള്ളത്. ആയതനുസരിച്ച് സർക്കാരിന്റെ തനതു നികുതി വരുമാനത്തിന്റെ 3.5 % പൊതു ആവശ്യ ഗ്രാന്റായും 5.5% മെയിന്റനൻസ് ഗ്രാന്റായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നുണ്ട്. ആയതിനാൽ വസ്തു കൈമാറ്റത്തിന് പ്രത്യേകം തുക ഗ്രാമപഞ്ചായത്തിന് ഈടാക്കാവുന്നതല്ല.

സി. വസ്തു നികുതി ചട്ടങ്ങൾ

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതി)ചട്ടത്തിലെ ചട്ടം 22 പ്രകാരം കെട്ടിടം കൈമാറ്റം ചെയ്യുന്നയാളും കൈമാറിക്കിട്ടുന്ന ആളും മൂന്ന മാസത്തിനുള്ളിൽ സെക്രട്ടറിക്ക് നോട്ടീസ് നൽകണമെന്നും, വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ, രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച്ച വരുത്തുന്ന ആളുടെ മേൽ സെക്രട്ടറിക്ക് അഞ്ഞൂറ് രൂപയിൽ കവിയാത്ത തുക പിഴ ചുമത്തുന്നതിനുമാണ് വ്യവസ്ഥയുള്ളത്. ഉടമസ്ഥാവകാശം കൈമാറുന്നതിനായി പ്രത്യേക ഫീസ് ചുമത്തുന്നതിന് ചട്ടം വ്യവസ്ഥ ചെയ്യുന്നില്ല.

ഇപ്രകാരം തുക ഈടാക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. (എൻക്വയറി നമ്പർ-14/25.9.18)

ഉടമവസ്ഥാവകാശം കൈമാറുന്നതിനുള്ള ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനം ഈടാക്കുന്നതിന് നിയമസാധുതയില്ല എന്ന് വിലയിരുത്തുന്നു. ആയത് ഗ്രാമപഞ്ചായത്ത് പുനപരിശോധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് 2011 ലെ വസ്തു നികുതി ചട്ടങ്ങൾ പ്രകാരം ഈടാക്കാവുന്ന വസ്തുനികുതിയിന്മേലുള്ള സർചാർജ്ജ് ചുമത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്തിന് പരിശോധിക്കാവുന്നതാണ്.

# 2-7 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിലവിൽ 182603 രൂപ

അവശേഷിക്കുന്നുണ്ട്. ഇ-ടെണ്ടർ നടത്തുന്നതിനായി തുറന്നിട്ടുള്ളതാണ് ഈ അക്കൗണ്ട് (എസ്. ബി. ഐ അക്കൗണ്ട് നം. 37346431339). ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന മുൻവർഷങ്ങളിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായ 126205 രൂപ 11.08.2018 ന് അസി.എഞ്ചിനിയറുടെ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുണ്ട്. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം 18/25-9-2018 നുള്ള മറുപടിയിൽ തുക പഞ്ചായത്തിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിന്റെ പൊതുഭരണം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ പൊതുഭരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ വിലയിരുത്തുന്നതിന്റെ ഭാഗമായി വിവിധ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പൊതുജന സേവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്നും വിലയിരുത്തിയപ്പോൾ താഴെ പറയുന്ന പ്രൊജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും നടപ്പിലാക്കിയിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജകറ്റ് - 232/17-ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ഐ.എസ്.ഒ സർട്ടിഫിക്കേഷനു വേണ്ടി തൻവർഷം 4 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തി ഒരു പ്രൊജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും നടപ്പിലാക്കിയില്ല. സേവന മേഖലയിൽ കമ്പ്യൂട്ടർവത്ക്കരണവും സേവനം മെച്ചപ്പെടുത്തലും എന്ന ഉപമേഖലയിൽ ഉൾപ്പടുത്തിയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പഞ്ചായത്ത് ഓഫീസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, സേവനങ്ങൾ ഓൺലൈൻ ആക്കുക, സുതാര്യത ഉറപ്പ് വരുത്തുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10.10.17 തിയ്യതിയിലെ തീരുമാനം നമ്പർ 1 പ്രകാരവും ഭരണസമിതിയുടെ 12.10.17 ലെ തീരുമാനം 1 പ്രകാരവും 4 ലക്ഷം രൂപയുടെ ചെലവിനുള്ള അംഗീകാരം നല്കിയിട്ടുണ്ട്.

ലക്ഷ്യം കൈവരിക്കുന്നതിലേക്ക് കൂടുതൽ തുടർ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയതിൽ നിന്നും മനസ്സിലാകുന്നുണ്ട്.

<u>2. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്</u>

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ(എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

സേവന ഗുണമേൻമയെന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തുകളിലെ പൗരൻമാർക്ക് തൃപ്തികരവും കാലവിളംബമില്ലാതെയും സേവനം ലഭ്യമാക്കാൻ പ്രാദേശിക സർക്കാരുകൾക്ക് ഉത്തരവാദിത്തമുണ്ട്. ജനങ്ങൾക്ക് അർഹിക്കുന്ന സേവനത്തിൻെറ ഗുണമേന്മ ഉറപ്പു വരുത്തുകയെന്നതാകണം ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന ലക്ഷ്യം. ആയതിലേക്ക് ഗ്രാമപഞ്ചായത്തുകൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെൻെറ് നടപ്പിലാക്കേണ്ടതാണ്. ഭരണസംവിധാനത്തിൽ സമ്പൂർണ്ണ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലൂടെ ജനസംതൃപ്തിയോടുള്ള സേവനം സാധ്യമാക്കാം എന്നതാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെൻെറിലൂടെ ലക്ഷ്യമിടുന്നത്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഭരണസംവിധാനത്തിൻെറ ഗുണമേന്മാ മുഖമുദ്രയായ ഐ.എസ്.ഒ.9001:2008 കരസ്ഥമാക്കുകയും താഴെ പറയുന്നവ ഉറപ്പാക്കുവാനും സാധിക്കുന്നതാണ്.

1. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.

2. ഓഫീസ് സംവിധാനത്തിൻെറയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുവരുത്തുക.

3. സേവനങ്ങൾ സമയബന്ധിതമാണെന്ന് ഉറപ്പുവരുത്തുക.

4. പ്രകൃതിസംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളതും ആയി മാറ്റുന്നതിലൂടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.

5. സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ്യസാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും സമത്വം ഉറപ്പുവരുത്തുന്നരീതിയിൽ സേവനപ്രദാന സംവിധാനം ഏർപ്പെടുത്തുക.

6. ഓഫീസ് സംവിധാനവും, ഭരണസംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെൻെറ്

തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക.

7. ഗുണമേന്മാ സംവിധാനം ഉറപ്പാക്കുന്നതിനായി ഓഫീസ് സജ്ജീകരണം, ഫ്രണ്ട് ഓഫീസ് സജ്ജീകരണം, പൊതുജന സൗകര്യങ്ങളുടെ സജ്ജീകരണം, ബോർഡുകൾ, റെക്കോർഡ് മാനേജ്മെന്റ്, ഇ-ഗവേർണൻസ്, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങൾ കാര്യക്ഷമമാക്കുക.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനും ആവിഷ്കരിച്ച പ്രൊജക്റ്റ് നടപ്പാക്കാതിരുന്നതിന്റെ കാരണം അറിയിക്കുന്നതിലേക്കുമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (15/25.9.18) ലഭിച്ച മറുപടിയിൽ കില മുഖേന മാത്രമെ പദ്ധതി നടപ്പിലാക്കുവാൻ കഴിയു എന്ന് ഉത്തരവ് ഉള്ളതിനാലാണ് പ്രസ്തുത പദ്ധതി ഉപേക്ഷിച്ചതെന്നും ഉടനടി ISO CERTIFICATE നേടിയെടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമെന്നും സൂചിപ്പിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്ന പൊതുഭരണം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.
2. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്കായി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

വാങ്ങലുകൾ ഉൾപ്പെടുന്ന പ്രൊജക്റ്റുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന രണ്ട് പ്രൊജക്റ്റുകൾ മുഖേനയുള്ള ചെലവ് രേഖകൾ പരിശോധിച്ചതിൽ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി കണ്ടെത്തി.

| ക്രമ നം. | പ്രോജക്ട് |
|---|---|
| 1 | 258/18-ഫോട്ടോസ്റ്റാറ്റ് മെഷിൻ |
| 2 | ലെവലിംഗ് ഇൻസ്ട്രുമെന്റ്, റോഡോമീറ്റർ വാങ്ങൽ |

<u>1. ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങൽ</u>

പ്രോജക്ട് നമ്പർ 258/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ - 139935 (വികസന ഫണ്ട് - ജനറൽ)

ചെലവ് – 71800

ബിൽ നമ്പർ 46/17-18തിയതി 28-3-18

മേൽ പദ്ധതിക്കായി രണ്ട് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിച്ചിട്ടുണ്ട്. ആയതിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ബ്രൈറ്റ് മാർക്കറ്റിങ് കമ്പനിയുടെ ടെണ്ടർ അംഗീകരിക്കുകയും, സപ്ലൈ ഓർഡർ നൽകുകയും ചെയ്തു.

വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം സൂക്ഷിക്കേണ്ട രേഖകളുടെ സൂക്ഷിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നം. 46 ൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

2. ലെവലിംഗ് ഇൻസ്ട്രുമെന്റ്, റോഡോമീറ്റർ എന്നിവ വാങ്ങൽ

പ്രോജക്ട് നമ്പർ 218/18

അടങ്കൽ 40000 വികസന ഫണ്ട്(ജനറൽ)

ചെലവ് 39900

ബിൽ നമ്പർ 40/17-18തിയതി 13-3-18

മേൽ പ്രൊജക്റ്റ് പ്രകാരമുള്ള വാങ്ങലിനായി ലഭ്യമായ 2 സ്ഥാപനങ്ങളുടെ ടെണ്ടറുകളിൽ എഞ്ചിനിയറിംഗ് ഡ്രോയിംഗ് സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

സ.ഉ.(പി) 259/2010/ ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖയിലെ മതിപ്പ് വില 25000 രൂപ മുതൽ ഒരു ലക്ഷം വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതനുസരിച്ച് 8-10 പേരിൽ നിന്നും (കുറഞ്ഞത് 5) നിരക്കുകൾ ക്ഷണിക്കേണ്ടതും 4 മുതൽ 6 വരെ ടെണ്ടറുകൾ ഉറപ്പാക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച വാങ്ങലിൽ രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

22-3-2018 ലെ ഭരണസമിതി തീരുമാനം. 4 പ്രകാരം ഏറ്റവും കുറവ് ക്വോട്ട് ചെയ്ത എഞ്ചിനിയറിംഗ് ഡ്രോയിംഗ് സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയില്ലാതെ ഭരണസമിതി വാങ്ങലുകൾ സംബന്ധിച്ച് തീരുമാനമെടുക്കുകയും, വാങ്ങലുകൾ നടത്തുകയും ചെയ്തത് പ്രൊക്യൂർമെന്റ് മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്.

മേൽ അപാകതകൾക്ക വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/24-9-18-ന് നൽകിയ മറുപടിയിൽ ലെവലിംഗ് ഇൻസ്ട്രുമെന്റ്, റോഡോമീറ്റർ എന്നിവ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ ലഭ്യമാക്കുന്നതാണെന്നും, വരും വർഷങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് വാങ്ങൽ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
സാധനസാമഗ്രികൾ ലഭ്യമായ ഉടൻ സ്റ്റോക്കിലെടുക്കേണ്ടതും തുടർന്ന് വിതരണ വിവരം ചേർക്കേണ്ടതുമാണ്.
അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കൃഷി ഓഫീസറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.പി അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക വിനിയോഗിക്കേണ്ടതാണ്

നെൽകർഷകർക്ക് ഉഴവുകൂലി നല്കൽ എന്ന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ലഭ്യമായ ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗം പരിശോധിക്കുന്നതിലേക്ക് കൃഷി ഓഫീസറുടെ പേരിൽ ചിറ്റൂർ സബ് ട്രഷറിയിലുള്ള സ്പെഷ്യൽ ടി.എസ്.പി അക്കൗണ്ട് (STSB-42) പരിശോധിക്കുകയുണ്ടായി. ടി അക്കൗണ്ടിൽ 11.1.2018 ന് കൊല്ലങ്കോട് സബ് ട്രഷറി മുഖേന ക്രെഡിറ്റിൽ വന്ന 37500/- രൂപ നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി.
പ്രസ്തുത തുക എന്ത് ആവശ്യത്തിന് ലഭ്യമായതാണെന്നും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതിനുള്ള കാരണവും വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് (10/24.09.18) ലഭിച്ച മറുപടിയിൽ പ്രസ്തുത തുക Spices Development Scheme 2017-18 പ്രകാരം ലഭിച്ച തുകയാണെന്നും കർഷകരുടെ ബാങ്ക് അക്കൗണ്ട് പ്രാഥമിക സഹകരണ സംഘത്തിലായതിനാലാണ് തുക ട്രഷറിയിൽ നിന്നും നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ സാധിക്കാതെ വന്നതെന്നും സൂചിപ്പിച്ചിരിക്കുന്നു.
പ്രസ്തുത തുക കർഷകരുടെ അക്കൗണ്ടിലേക്ക് ഉടനെ തന്നെ നല്കുന്നതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.
തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 മൃഗസംരക്ഷണമേഖലയിൽ പട്ടികജാതി വിഭാഗക്കാർക്കായി ആവിഷ്കരിക്കപ്പെട്ട പദ്ധതി നടപ്പിലാക്കിയില്ല

2017-18 വർഷത്തിൽ മൃഗസംരക്ഷണ മേഖലയിൽ ആവിഷ്കരിക്കപ്പെട്ട പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ലെന്ന് ചെലവുരേഖകളുടെ പ്രാഥമിക പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിന്റെ കാരണം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യാഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

പട്ടികജാതി വിഭാഗക്കാർക്കായി പെണ്ണാട് വിതരണം നടത്തുന്നതിനായി രണ്ട് പ്രൊജക്റ്റുകളാണ് ആവിഷ്കരിച്ചത്.
1. നം.15/18- 6.56ലക്ഷം രൂപ (വികസന ഫണ്ട്-SCP)
2.നം.18/18- 1.6 ലക്ഷം രൂപ (വികസന ഫണ്ട്-SCP)

2017-18 ലെ പദ്ധതി രൂപീകരണത്തിനായി മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതിന്റെ മിനിറ്റ്സ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടത് നടപടിക്രമങ്ങൾ പാലിച്ചാണോ എന്ന് വിലയിരുത്തുവാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നമ്പർ 8/24-9-18 നുള്ള മറുപടിയിൽ മേൽ പദ്ധതികൾക്കായി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് സാമ്പത്തിക വർഷം കഴിയുന്നതിനു മുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിരുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് വളരെ മുൻകൂട്ടി ഗ്രാമസഭ മുഖേന നടത്തേണ്ടതും ആവശ്യമായ തുക കൈമാറി പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തുടർ വർഷങ്ങളിൽ മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് യഥാസമയം യോഗങ്ങൾ ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
2. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതമൂലം ഇത്തരത്തിൽ പദ്ധതികൾ നടപ്പാക്കാതെ പോകുന്നതുമൂലം വികസന ഫണ്ട് ചെലവഴിക്കാതെ പോുകന്നതും അർഹതയുള്ളവർക്ക് ആനുകൂല്യം ലഭ്യമാകാതെ പോകുന്നതും ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

# 3-5 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടതാണ്

## എ. പദ്ധതി ആസൂത്രണം, നിർവ്വഹണം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 170 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 114 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. വകയിരുത്തിയ 55495674 രൂപയിൽ 31109227 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 56% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

സ്പിൽ ഓവർ പ്രൊജക്ടുകളുടെ ബാഹുല്യവും കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്ടുകൾ ആവിഷ്കരിച്ചതും മറ്റ് സാങ്കേതിക കാരണങ്ങളും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകുവാനുള്ള കാരണമായി വിലയിരുത്തുന്നു. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനു പകരം വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ് എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നൽകി കൂടുതൽ അടങ്കൽ നിശ്ചയിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഊന്നൽ നൽകേണ്ടതാണെന്ന് വിലയിരുത്തുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടന്നതിന്റേയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല.

പദ്ധതിമാർഗ്ഗരേഖ പ്രകാരം കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണത്തോടൊപ്പം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തിയാവണം പ്രൊജക്റ്റ് തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് കണക്കിലെടുക്കേണ്ടതാണ്.

ബി. രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല.

2. ടെണ്ടർ ഉറപ്പിച്ചതിനുശേഷം കരാറുകാർക്ക് അയച്ചിട്ടുള്ള പല സെലക്ഷൻ നോട്ടീസുകളിലും നമ്പറും തിയതിയും രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് ചമയ്ക്കുന്നതിൽ സെലക്ഷൻ നോട്ടീസിലെ തിയതിക്ക് പ്രസക്തിയുള്ളതിനാൽ തിയതി നിർബന്ധമായും ചേർക്കേണ്ടതാണ്.

3. പല പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കുന്നില്ല.

4. ഇ-ടെണ്ടറുകളിൽ പങ്കെടുത്ത കരാറുകാരുടെ നിരക്കുകളുടെ താരതമ്യപട്ടികയും ഫയലിൽ സൂക്ഷിക്കുന്നില്ല.

5. പ്രവൃത്തി പൂർത്തീകരണം വൈകുന്നതിനാൽ കരാറുകാർക്ക് അയയ്ക്കുന്ന നോട്ടീസുകളും അസി. എഞ്ചിനിയർ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്ന റിപ്പോർട്ടുകളും ഫയലിൽ സൂക്ഷിക്കുന്നില്ല.

6. പ്രവൃത്തികളുടെ അളവു പുസ്തകം, ബിൽ എന്നിവ തയ്യാറാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവു ചെയ്യുന്നതിലും ടെണ്ടർ തുകയിൽ പ്രവൃത്തി മൂല്യം നിജപ്പെടുത്തുന്നതിലും ഉണ്ടായ ശ്രദ്ധക്കുറവ്മൂലം പഞ്ചായത്തിന് ഫണ്ട് നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിനാൽ രേഖകൾ തയ്യാറാക്കുന്നതിൽ കുറേക്കൂടി കൃത്യത പാലിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 18/25-9-2018 നുള്ള മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

രേഖകൾ തയ്യാറാക്കുന്നതിലേയും സൂക്ഷിപ്പിലേയും അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 3-6 ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണെന്ന പദ്ധതി മാർഗ്ഗരേഖയിലെ

## നിർദ്ദേശം പാലിക്കേണ്ടതാണ്

റോഡ് മെയിന്റനൻസിനായി തൻവർഷം 20054000 രൂപയും റോഡിതര ഫണ്ടിനത്തിൽ 3212822 രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. റോഡ്- റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ

സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉണ്ടാകേണ്ടതാണ്.

അറ്റകുറ്റപ്പണികൾ നടത്തുന്നതിനു പുറമേ ഘടക സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും സേവനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുവാനും സംരക്ഷണ ഗ്രാന്റ് ഉപയോഗപ്പെടുത്താവുന്നതാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.

ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

രേഖകളുടെ പരിശോധനയിൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

ബി. ഘടക സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തൽ - ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല

- പ്രൊ.നം.59/18, 151/18 എന്നിവ പ്രകാരം അങ്കണവാടി റിപ്പയറിനായി മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും യഥാക്രമം 595000 രൂപ, 345000 രൂപ വകയിരുത്തിയെങ്കിലും പ്രവൃത്തികൾ നടപ്പിലായില്ല.
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി മെയ്ന്റനൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനത് ആസ്തികൾക്കായി മെയ്ന്റനൻസ് ഗ്രാന്റ് വകയിരുത്തിയതായും ശ്രദ്ധയിൽപ്പെട്ടു.

ഉദാ.

വനിതാ കാന്റീൻ നവീകരണത്തിനായി 114948 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 18/25-9-2018 നുള്ള മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ ചർച്ചകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടാകേണ്ടതാണ്.

# 3-7 വിവിധ വാർഡുകളിൽ പമ്പ് ഹൗസ്, മോട്ടോർ സ്ഥാപിക്കൽ-കരാറുകാരന് അധികം തുക അനുവദിച്ചു

വലിയ തുക അടങ്കൽ നിശ്ചയിച്ച് നടപ്പാക്കിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ കുടിവെള്ള പദ്ധതികളുടെ കരാർ ഏറ്റെടുത്ത കരാറുകാരന് ടെണ്ടർ നിരക്കിനേക്കാളും അധികം തുക നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായതായി കണ്ടെത്തി.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. 185/18 പ്രകാരം ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും 11.61 ലക്ഷം രൂപ വകയിരുത്തി പഞ്ചായത്തിന്റെ 7 വാർഡുകളിലെ കുഴൽ കിണറുകളിൽ മോട്ടോർ, പമ്പ് ഹൗസ് എന്നിവ സ്ഥാപിച്ച് കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.
നിർവഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ : ശ്രീ.എസ്.വിനോദ്, കോഴിപ്പാറ

എഗ്രിമെന്റ് നം. 41/27-11-2017

അളവു പുസ്തകം നം. 45/17-18

ചെലവ് : 1004361

ബിൽ നം. 105/13-3-2018

അളവു പുസ്തകത്തിലെ സംക്ഷിപ്തവും ബില്ലും തയ്യാറാക്കിയപ്പോൾ പ്രവൃത്തി മൂല്യം കരാർ തുകയിൽ പരിമിതപ്പെടുത്താതിരുന്നതിനാൽ 19581 രൂപ കരാറുകാരന് അധികം നൽകിയിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. ബിൽ തുക അനുവദിച്ചപ്പോൾ കൃത്യത ഉറപ്പാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കാതിരുന്നതാണ് ഇത്തരത്തിലുള്ള അപാകതയ്ക്ക് കാരണമായതെന്ന് വിലയിരുത്തുന്നു.

അളവു പുസ്തകം പ്രകാരം പ്രവൃത്തി മൂല്യം: 1004361 രൂപ

കരാറുകാരന് നൽകിയത് - 1004361 രൂപ

കരാർ തുക : 984780 രൂപ

അധികം നൽകിയ തുക : 19581 രൂപ

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 18/25-9-2018 നുള്ള മറുപടിയിൽ കരാറുകാരന് അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബില്ലുകൾ തയ്യാറാക്കുന്നതിലും മേൽപരിശോധന നടത്തുന്നതിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 കിഴക്കേക്കളം എസ്.സി കോളനി റോഡ് നവീകരണം- പദ്ധതി നിർവ്വഹണത്തിലും തുക അനുവദിച്ചതിലും അപാകത

എസ്.സി.പി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിക്കുന്നതിനിടെ കിഴക്കേക്കളം എസ്.സി. കോളനി റോഡ് നവീകരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയിട്ടുള്ളത് ഇറിഗേഷൻ വകുപ്പിൽ നിന്നും ആവശ്യമായ അനുമതി ലഭ്യമാക്കാതെയാണെന്ന് ബോധ്യപ്പെട്ടു. ഘടനാപരമായ മാറ്റം വരുത്തിയപ്പോൾ പ്രവൃത്തി നടപ്പാക്കുന്നതിനു മുമ്പ് എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം ലഭ്യമാക്കിയിട്ടുമില്ല. കൂടാതെ, ബിൽ തുക നൽകിയത് കൃത്യത പരിശോധിക്കാതെയാണെന്നും കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് നം. 129/18 (73/17)

അടങ്കൽ : 339597 (എസ്.സി.പി)

ചെലവ് : 270454 (ബിൽ നം. 44/21-12-17 – 126315 & 72/12-2-18 – 144139)

കരാറുകാരൻ : ശ്രീ.പി.പരമേശ്വരൻ, തത്തമംഗലം

എഗ്രിമെന്റ് നം. 70/20-3-2017

എ. ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കിയില്ല

1-11-2017 ലെ എ2-18/പരാതി/17 നം. കത്ത് പ്രകാരം ഇറിഗേഷൻ വകുപ്പിന്റെ ചിറ്റൂർ സബ് ഡിവിഷനിലെ അസി. എഞ്ചിനിയർ താലൂക്ക് വികസന സമിതിയിൽ ചിറ്റൂർ തഹസീൽദാർക്കും ഇറിഗേഷൻ വകുപ്പ് അസി. എക്സി. എഞ്ചിനിയർക്കും നൽകിയ കത്തിൽ കനാലിന്റെ മേൽ ഭാഗത്തെ വീതി 1.2 മീറ്ററും താഴ്ച 1.2 മീറ്ററുമാണെന്നും അതുകൊണ്ട് കനാൽ ഭിത്തിയിൽ നിന്നും 90 സെ.മീ മാറ്റി റോഡ് നിർമ്മിക്കുവാൻ അനുമതി നൽകാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ഭാരവാഹനങ്ങൾ ഒഴികെയുള്ള ഇരുചക്ര-മുച്ചക്ര വാഹനങ്ങൾ മാത്രമേ ഗതാഗതത്തിന് അനുവദിക്കുവാൻ പാടുള്ളൂ എന്നും ശുപാർശ ചെയ്തിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണത്തിനായി രേഖാമൂലമുള്ള അനുമതി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കാതെയാണ് പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയിട്ടുള്ളത്.

ബി. ബിൽ തുക അനുവദിച്ചപ്പോൾ ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല

അളവു പുസ്തകത്തിലെ സംക്ഷിപ്തം, ബിൽ എന്നിവ തയ്യാറാക്കിയത് ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഒന്നാം പാർട്ട് ബിൽ (44/21-12-17 – 126315)

പ്രവൃത്തി മൂല്യം - 126315

കരാറുകാരന് അനുവദിച്ചത് - 126315

കരാർ ഉറപ്പിച്ചു നൽകിയത് 11.10% കുറവ് തുകയ്ക്കാണ്. ബിൽ തുകയിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പാർട്ട് ബിൽ നൽകിയതിനാൽ 14021 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

അവസാന ബിൽ (72/12-2-18 – 144139)

പ്രവൃത്തി മൂല്യം - 144139

കരാറുകാരന് അനുവദിച്ചത് - 144139

കരാർ ഉറപ്പിച്ചു നൽകിയത് 11.10% കുറവ് തുകയ്ക്കാണ്. ബിൽ തുകയിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പാർട്ട് ബിൽ നൽകിയതിനാൽ 15999 രൂപയുടെ

നഷ്ടമുണ്ടായിട്ടുണ്ട്.

ആകെ അധികം നൽകിയത് – 30020 ( 14021 + 15999)

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 18/25-9-2018 നുള്ള മറുപടിയിൽ കരാറുകാരന് അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ആവശ്യമായ എല്ലാ അനുമതികളും ലഭ്യമാക്കിയതിനുശേഷം മാത്രം പ്രവൃത്തികൾ ആരംഭിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമപ്രശ്നങ്ങൾ ഉണ്ടാകുവാനിടയുണ്ട്.

ബില്ലുകൾ തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. കരാറുകാരന് അധികം നൽകിയ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 ബില്ലുകൾ തയ്യാറാക്കുന്നതിൽ കൃത്യത പാലിച്ചില്ല - കരാറുകാർക്ക് അധികം തുക നൽകി

വിവിധ പ്രവൃത്തികളിൽ ബിൽ തുകയിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല

എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ് തുക രേഖപ്പെടുത്തിയ ടെണ്ടറുകൾ ഉൾപ്പെടുന്ന ഫയലുകളുടെ പരിശോധനയിൽ താഴെ പറയുന്ന പ്രവൃത്തികളിൽ ബിൽ തുകയിൽ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതിരുന്നതിനാൽ കരാറുകാർക്ക് അധിക തുക നൽകിയതായി ബോധ്യപ്പെട്ടു.

1. 54/17-കേയാട് റോഡ് മെറ്റലിംഗ്, ടാറിംഗ്

അടങ്കൽ - 390000 (എം.ജി-റോഡ്)

കരാറുകാരൻ - ശ്രീ.എം.മുരളീധരൻ

എഗ്രിമെന്റ് നം. 25/16-2-2017

അളവു പുസ്തകം നം. 55/16-17

പ്രവൃത്തി മൂല്യം - 363554

അനുവദിച്ചത് - 363554 (ബിൽ നം.38/16-11-2017)

ടെണ്ടർ വ്യതിയാനം 0.1% കുറവ് ചെയ്യാതിരുന്നതിനാൽ 364 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

2. 103/17-മന്ദ് റോഡ് പുനരുദ്ധാരണം

അടങ്കൽ - 270000 (എം.ജി-റോഡ്)

കരാറുകാരൻ - ശ്രീ.ടി.എം.രാമലിംഗം

എഗ്രിമെന്റ് നം. 26/18-2-2017

അളവു പുസ്തകം നം. 168/17-18

പ്രവൃത്തി മൂല്യം - 265750

അനുവദിച്ചത് - 265750 (ബിൽ നം.79/17-2-2018)

ടെണ്ടർ വ്യതിയാനം 0.1% കുറവ് ചെയ്യാതിരുന്നതിനാൽ 266 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 18/25-9-2018 നുള്ള മറുപടിയിൽ കരാറുകാരന് അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബില്ലുകൾ തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. കരാറുകാർക്ക് അധികം നൽകിയ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്നും സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നുണ്ടോ എന്നും പരിശോധിച്ചപ്പോൾ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് കണ്ടെത്തി.
2017-18 വർഷത്തിൽ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| ജല അതോറിറ്റി | 166/18-വാർഡ് 3-പൈപ്പ് ലൈൻ നീട്ടൽ | സെക്രട്ടറി | 26/17-1-18 | 100000 |
| | 262/18-അമ്പാട്ടു പറമ്പ് പൈപ്പ്ലൈൻ നീട്ടൽ | സെക്രട്ടറി | 36/13-3-18 | 40000 |
| | | | 37/13-3-2018 | 90000 |

| | | | | |
|---|---|---|---|---|
| | 241/18-അമ്പാട്ടു പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | സെക്രട്ടറി | 28/8-2-2018 | 400000 |
| | 211/18-തെക്കേക്കാട് പൈപ്പ് ലൈൻ നീട്ടൽ | സെക്രട്ടറി | 26/17-1-2018 | 300000 |

മേൽ പ്രവൃത്തികളുടെ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കിയിട്ടില്ല.

സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 20/26-9-2018 നുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

പ്രവൃത്തികൾ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പൂർത്തീകരിക്കുന്നുണ്ടെന്ന്

ഉറപ്പാക്കുകയും വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള 23-5-2017ലെ പഞ്ചായത്ത് ഡയറക്ടറുടെ എ-1/10034/16 സർക്കുലറിൽ ആരോഗ്യ മേഖലയിൽ നിരവധി സഹായങ്ങളും പ്രതിരോധ ചികിത്സകളും ലഭിക്കുന്ന അങ്കണവാടികളെ അവഗണിച്ച് സാധാരണ ജനങ്ങൾ പോലും കൂണ് പോലെ മുളച്ച് പൊങ്ങുന്ന ഇംഗ്ലീഷ് മീഡിയം പ്ലേ സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നതിനുള്ള പ്രവണത തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾ തയ്യാറാക്കുമ്പോൾ ആയതിന് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം അങ്കണവാടികൾക്ക് അനിവാര്യമായ കുടിവെള്ള പൈപ്പ്, ഇലക്ട്രിക് വയറിംഗ്, ടോയ്‌ലെറ്റ് എന്നിവകൂടി പ്ലാനിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമായിട്ടും ആയത് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാതെ ആയത് കയ്യിൽ സൂക്ഷിക്കുക, കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി ലഭിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാതിരിക്കുക തുടങ്ങിയ പ്രവണതകളും നിലനിൽക്കുന്നുണ്ട്. അങ്കണവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുൻഗണന കൊടുക്കുന്നതിന് പകരം ഉള്ള അങ്കണവാടികളുടെ ഗുണനിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ നിലവിൽ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യവും ഫണ്ട് വിനിയോഗവും ഓഡിറ്റ്

വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. അങ്കണവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിൽ ആകെ 27 അങ്കണവാടികളാണുള്ളത്. ഇതിൽ 4 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 8 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 18 അങ്കണവാടികളിൽ മാത്രമാണ് ടോയ്ലെറ്റ് സൗകര്യം ഉള്ളത്. അവയൊന്നുംതന്നെ ബേബി ഫ്രണ്ട്ലി അല്ല. കുടിവെള്ള സൗകര്യമുള്ളത് ആകെ 14 എണ്ണത്തിൽ മാത്രമാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിലേക്ക് യാതൊരു നിർദ്ദേശങ്ങളും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ഉയർന്നു വന്നിട്ടില്ലെന്ന് മിനുട്ടസിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.
അങ്കണവാടികളുടെ നിലവിലെ സാഹചര്യം പരിശോധിക്കേണ്ടതും ആവശ്യമായ പദ്ധതികൾ അവിഷ്കരിക്കേണ്ടതുമാണ്.

ബി. പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നില്ല

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 2387070 രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ (STSB-9-ചിറ്റൂർ സബ് ട്രഷറി) അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി.
നീക്കിയിരിപ്പിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2269459 |
| വരവ് | 853277 |
| ആകെ | 3122736 |
| ചെലവ് | 735666 |
| നീക്കിയിരുപ്പ് | 2387070 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരവും മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരവും പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത

അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി കേന്ദ്രഫണ്ട് 500000/- രൂപ വകയിരുത്തി 364839/- രൂപ ചെലവഴിച്ച് അങ്കണവാടികൾക്ക് കസേര, കമ്പ്യൂട്ടർ, റാക്ക്, ബേബി ബെഞ്ച്, വാട്ടർ ടാങ്ക്, പ്രഷർ കുക്കർ എന്നിവ വാങ്ങി നല്കിയിട്ടുണ്ട്. ലക്ഷ്യമിട്ട എല്ലാ ഇനങ്ങളും വാങ്ങാത്തതിനാൽ വകയിരുത്തിയ തുകയുടെ 73% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് എന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.
പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് യാതൊരു നിർദ്ദേശങ്ങളോ ചർച്ചകളോ ദാരിദ്ര്യ ലഘൂകരണം/ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിലോ ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഉയർന്നു വന്നിട്ടില്ലെന്ന് മിനിട്സ് പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.
അക്കൗണ്ടിൽ അവശേഷിക്കുന്ന 2387070 രൂപയിൽ പോഷകാഹാരത്തിനുള്ള തുക മാറ്റി വെച്ച് ബാക്കി തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ടി ഉപയോഗിക്കേണ്ടതാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന് (12/24.9.18) ലഭിച്ച മറുപടിയിൽ 2018-19 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാര പദ്ധതിക്കായി പ്രോജക്ട് നമ്പർ 7/19 പ്രകാരം 1000000/-രൂപയും പ്രോജക്ട് നമ്പർ 139/19 -ഒറവ് അങ്കണവാടി കെട്ടിടം പൂർത്തീകരണം എന്ന പദ്ധതിക്കായി 303092/- രൂപയും വകയിരുത്തിയിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അങ്കണവാടികളുടെ പ്രവർത്തനം, പോഷകാഹാര വിതരണം ഫലപ്രദമാണോ എന്ന് ഉറപ്പാക്കേണ്ടതിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്,

## 3-12 അങ്കണവാടികൾക്ക് ഫർണീച്ചർ, കമ്പ്യൂട്ടർ വാങ്ങിയതിലെ നടപടിക്രമങ്ങളിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ
പ്രോജക്ട് നം. -83/18-അങ്കണവാടികൾക്ക് ഫർണ്ണീച്ചർ

അടങ്കൽ (കേന്ദ്രാവിഷ്കൃത ഫണ്ട്)-500000

ചെലവ്- 364839

ചെക്ക് നമ്പർ -2231106/24.8.17

ഗ്രാമപഞ്ചായത്ത് പരിധിയിലെ 27 അങ്കണവാടികൾക്ക് കസേര, റാക്ക്, കംപ്യൂട്ടർ, കണ്ടെയ്നർ, വാട്ടർ ടാങ്ക്, പ്രഷർ കുക്കർ, കളിക്കോപ്പുകൾ, ബഞ്ച്, അലമാര എന്നിവ വാങ്ങി നൽകുവാനാണ് ലക്ഷ്യമിട്ടത്. എന്നാൽ മേൽ തുക പ്രകാരം 8 റാക്ക്, 6 ടേബിൾ, 4 കണ്ടെയ്നർ, 16 ബേബി ബെഞ്ച്, 1 കമ്പ്യൂട്ടർ, 1 അലമാര എന്നിവയാണ് വാങ്ങി നല്കിയിരിക്കുന്നത്. ലക്ഷ്യമിട്ട എല്ലാ ഇനങ്ങളും വാങ്ങാത്തതിനാൽ വകയിരുത്തിയ തുകയുടെ 73% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയേക്കാൾ അധിക തുക ചെലവഴിച്ചാണ് കമ്പ്യൂട്ടർ വാങ്ങിയതെന്നും ടെണ്ടർ സ്പെസിഫിക്കേഷൻ പരിഗണിച്ചിട്ടില്ലെന്നും രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രധാന അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. അംഗീകൃത പ്രോജക്റ്റിൽ വകയിരുത്തിയ തുകയേക്കാൾ അധികരിച്ചാണ് കംപ്യൂട്ടർ വാങ്ങിയിരിക്കുന്നത്. പ്രോജക്റ്റിൽ വകയിരുത്തിയത് 45000/-. ചെലവ് - 47500/- അധികം - 2500/- രൂപ.

2. സ്ഥാപനവുമായി എഗ്രിമെന്റ് ചമച്ചതിന്റെ രേഖകൾ ഇല്ല.

3. മേൽ സാമഗ്രികൾ വാങ്ങുന്നതിലേക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയതിന്റേയോ തീരുമാനമെടുത്തതിൻേറയോ ഗുണനിലവാരം തിട്ടപ്പെടുത്തിയതിൻേറയോ രേഖകൾ ഇല്ല. വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷത്തിന് (4/22.9.18) ലഭിച്ച മറുപടി തൃപ്തികരമല്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എല്ലാ വാങ്ങലുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി മുഖേനയാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കേണ്ടതാണ്.

പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ തീരുമാനമെടുക്കാതെയും ഭരണസമിതിയുടെ അംഗീകാരം വാങ്ങാതെയും കമ്പ്യൂട്ടർ വാങ്ങുന്നതിനായി പ്രൊജക്റ്റിൽ വകയിരുത്തിയ തുകയേക്കാൾ അധികം ചെലവഴിച്ച തുക 2500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-13 പട്ടികജാതി, പട്ടികവർഗ്ഗ സ്കൂൾ കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകൽ -പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനായി മൂന്ന് പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ ഭാഗികമായി മാത്രം

തുക ചെലവഴിച്ചതിന്റെ കാരണം വിലയിരുത്തുവാൻ ഫയലുകൾ വിശദമായി പരിശോധിച്ചപ്പോൾ ഗുണഭോക്തൃ ലിസ്റ്റിൽ വ്യക്തതക്കുറവുള്ളതായും ഗുണഭോക്താക്കളെ വ്യക്തമായി കണ്ടെത്താതെ പദ്ധതികൾ ആവിഷ്കരിച്ചതായും കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 9/18- പട്ടികജാതി എട്ടാം തരം വിദ്യാർഥിനികൾക്ക് സൈക്കിൾ വാങ്ങി നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ – 251000 (എസ്.സി.പി) (60 പേർ)

ചെലവ് – 107100 (28 പേർ)

ബിൽ നമ്പർ : 47/17-18തിയതി 28-3-18

2. പട്ടികജാതി എട്ടാം തരം വിദ്യാർഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നമ്പർ 8/18

അടങ്കൽ – 200000 (എസ്.സി.പി) (60 പേർ)

ചെലവ് – 130050 (34 പേർ)

ബിൽ നമ്പർ 49/17-18 തിയതി 28-12-18

3. പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നമ്പർ 10/18

അടങ്കൽ – 102000 (25 പേർ)

ചെലവ് – 7650 (2 പേർ)

ബിൽ നമ്പർ 48/17-18തിയതി 28-3-18

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. മേൽ പദ്ധതികൾക്കായി 553000 രൂപ അടങ്കൽ നിശ്ചയിച്ച് ഇ-ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ പരസ്യം നം. എ2-111/16 തിയതി 25-1-2018. മൂന്ന് ടെണ്ടറുകൾ ലഭ്യമായതിൽ

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്ലാറ്റിനം ക്വാളിറ്റി സപ്ലൈയേഴ്സ് എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകിയിട്ടുള്ളത്. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും സൈക്കിളുകൾക്ക് 3825 രൂപയാണ് ടി സ്ഥാപനം ക്വോട്ട് ചെയ്തിട്ടുള്ളത്.

2. സ.ഉ.(പി) 259/2010/ ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് വാങ്ങൽ നടപടികൾ നടത്തേണ്ടത്. എന്നാൽ മേൽ സൂചിപ്പിച്ച വാങ്ങലിന് തീരുമാനം എടുത്തിട്ടുള്ളത് ഭരണസമിതി നേരിട്ടാണ്. തീരുമാനം നം. 4/22-3-2018.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ വാങ്ങൽ ശുപാർശ ഭരണ സമിതി അംഗീകരിച്ചതിനുശേഷമാണ് വാങ്ങൽ നടത്തേണ്ടത് എന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

3. മൂന്ന് പ്രൊജക്ടുകളിലുമായി 125 പേർക്ക് സൈക്കിളുകൾ നൽകുവാനായി ലക്ഷ്യമിട്ടെങ്കിലും 64 സൈക്കിളുകൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്.

ഓരോ പ്രൊജക്ടിന്റേയും ഗുണഭോക്തൃ ലിസ്റ്റ് പ്രത്യേകം സൂക്ഷിച്ചിട്ടില്ല. 28 പെൺകുട്ടികൾക്കും 34 ആൺകുട്ടികൾക്കും 2 എസ്.ടി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും വിതരണം ചെയ്യുന്നതിനാണ് സൈക്കിളുകൾ വാങ്ങിയിട്ടുള്ളത്.

4. പഞ്ചായത്ത് സമർപ്പിച്ച ലിസ്റ്റുകൾ പ്രകാരം താഴെ പറയും പ്രകാരം സൈക്കിളുകൾ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | സ്കൂളിന്റെ പേര് | കൈപ്പറ്റിയതിന്റെ എണ്ണം |
|---|---|---|
| 1 | ജി.എസ്.എം.എച്ച്.എസ്.എസ്, തത്തമംഗലം | 25 |
| 2 | കെ.കെ.എം.എച്ച്.എസ്.എസ് വണ്ടിത്താവളം | 14 |
| 3 | ജി.എച്ച്.എസ്, പട്ടഞ്ചേരി | 6 |
| 4 | ജി.എച്ച്.എസ്, നന്ദിയോട് | 7 |
| 5 | ജി.എച്ച്.എസ്, ചിറ്റൂർ | 1 |
| 6 | വി.എം.എച്ച്.എസ്.എസ്, ചിറ്റൂർ | 1 |
| 7 | ജി.വി.ജി.എച്ച്.എസ്.എസ്, ചിറ്റൂർ | 1 |
| | ആകെ | 54 |

64 സൈക്കിളുകൾ വാങ്ങിയതിൽ 54 പേർക്ക് മാത്രമാണ് വിതരണം ചെയതിട്ടുള്ളത്. 10 വിദ്യാർഥികൾക്ക് വിതരണം നടത്തിയിട്ടില്ല. പഞ്ചായത്ത് വക കെട്ടിടത്തിൽ വിതരണം ചെയ്യാത 9 സൈക്കിളുകൾ സൂക്ഷിച്ചിട്ടുള്ളതായി നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഒരു സൈക്കിൾ ആർക്ക് വിതരണം ചെയ്തു എന്ന് വ്യക്തമല്ല.

5. പട്ടികജാതി വികസനം/പട്ടിക വർഗ്ഗ വികസനം വർക്കിംഗ് ഗ്രൂപ്പോ ക്ഷേമകാര്യ സ്റ്റന്റിംങ് കമ്മിറ്റിയോ പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടില്ല.

മേൽ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

145 പേർക്ക് പ്രയോജനം ലഭിക്കുവാൻ ലക്ഷ്യമിട്ട പദ്ധതികൾ ഭാഗികമായി മാത്രം നടപ്പിലാക്കിയതിന്റെ കാരണം ബോധിപ്പിക്കുവാനായി നൽകിയ 6/24-5-2018 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറഞ്ഞ പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടാതെ വാങ്ങൽ നടത്തിയിട്ടുള്ളത് മാപ്പാക്കണമെന്നും, തുടർ വർഷങ്ങളിലെ ഇത്തരം വീഴ്ച്ചകൾ പറ്റാതെ ശ്രദ്ധിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

2. മുൻവർഷങ്ങളിൽ ഗുണഭോക്താക്കളുടെ എണ്ണം കൂടുതലായിരുന്നതിനാലാണ് 125 പേർക്ക് വകയിരുത്തിയത്. എന്നാൽ ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞതിനാലാണ് കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായത് .

3. ആകെ വിതരണം ചെയ്യേണ്ട 64 പേരിൽ 10 കുട്ടികൾ മതിയായ രേഖകൾ ഹാജരാക്കാത്തതിനാലാണ് സൈക്കിൾ വിതരണം നടത്താതിരുന്നത്.

4. പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രവും, സ്കൂളുകളിൽ നിന്നുള്ള വിതരണ രേഖകളും ഓഡിറ്റിന് സമർപ്പിക്കുന്നതാണ്.

5. രേഖകൾ ലഭ്യമാക്കി ഉടൻ തന്നെ സൈക്കിളുകളുടെ വിതരണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വാങ്ങൽ നടപടികൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2.ഓരോ പ്രൊജക്റ്റിന്റേയും അനുബന്ധ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പ്രത്യേകം ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

3. 14-02-2018 ലെ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ. (കൈ)നം 22/2018/ത.സ്വ.ഭ.വ ഖണ്ഡിക നമ്പർ 11.8 ഇനം. 8 ലെ എസ്.സി/എസ്. ടി വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ വരുമാനരേഖകളുടെ അഭാവത്തിലും സൈക്കിളുകൾ വിതരണം ചെയ്യാവുന്നതാണ്.

4. പട്ടികജാതി വികസനം/പട്ടികവർഗ്ഗ വികസനം വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റന്റിംഗ് കമ്മിറ്റി പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തി മോണിറ്ററിംഗ്

നടത്തേണ്ടതാണ്.

5. ഓരോ സ്കൂൾ മുഖേനയും സൈക്കിളുകൾ വിതരണം ചെയ്തതിന്റെ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ പട്ടിക ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

സൈക്കിളുകളുടെ വിതരണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നത് വരെ 10 സൈക്കിളിന് വേണ്ടി ചെലവഴിച്ച 38250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-14 പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലായില്ല

പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിക്കപ്പെട്ട പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയപ്പോൾ 2017-18 സാമ്പത്തിക വർഷത്തിൽ 33.20 ലക്ഷം രൂപ വകയിരുത്തിയ 8 പ്രൊജക്റ്റുകളിൽ തൻവർഷം ചെലവ് നടന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതികൾ | വകയിരുത്തിയ തുക |
|---|---|
| 215/18- കുടുംബശ്രീ അയൽ കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് | 270000 -വികസന ഫണ്ട്(ജനറൽ) |
| 21/18- പട്ടികജാതി ബിരുദ വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ | 600000 (എസ്.സി.പി) |
| 22/18- പട്ടികജാതി ബിരുദ വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ | 200000 (എസ്.സി.പി) |
| 253/18- പട്ടികവർഗ്ഗ ബിരുദ വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ | 3000 (എസ്.സി.പി) |
| 254/18- പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് | 246000 (ടി.എസ്.പി.) |
| 11/18- വൃദ്ധർക്ക് കട്ടിൽ വിതരണം | 651000 (വികസന ഫണ്ട്(ജനറൽ)) |
| 12/18- വൃദ്ധർക്ക് കട്ടിൽ വിതരണം (എസ്.സി.പി) | 400000 (വികസന ഫണ്ട്(എസ്.സി.പി)) |
| 20/18-പട്ടികജാതി യു.പി വിദ്യാർഥികൾക്ക് മേശ, കസേര വാങ്ങി നൽകൽ | 950000 (വികസന ഫണ്ട്(എസ്.സി.പി)) |
| ആകെ | 3320000 |

എല്ലാ പദ്ധതികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയാണ്.

വിവിധ മേഖലകളുടെ വികസനത്തിനായി ആവിഷ്കരിക്കുകയും ഫണ്ട് വകയിരുത്തി അംഗീകാരം ലഭ്യമാക്കുകയും ചെയ്ത പ്രൊജക്ടുകൾ തൻവർഷം നടപ്പാക്കാതിരുന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 9/24-9-2018 നമ്പർ ഓഡിറ്റ് അന്വേഷത്തിനുള്ള മറുപടിയിൽ കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിന് അർഹമായ ഗുണഭോക്താക്കളുടെ അഭാവമാണ് പ്രോജക്ട് നടപ്പിലാക്കാൻ കഴിയാത്തത് എന്നും ലാപ്പ് ടോപ്പ് വാങ്ങലിന് ലഭിച്ച ടെണ്ടർ മാർച്ച് മാസത്തിലായതിനാൽ ആയത് ഉപേക്ഷിച്ചത് എന്നും വൃദ്ധർക്ക് കട്ടിൽ വിതരണം, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് എന്നീ പ്രോജക്ടുകൾ സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ട് എന്നും സൂചിപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ കൃത്യത പാലിക്കുവാനും അർഹരായവരെ ഗ്രാമസഭ മുഖേന കണ്ടെത്തുന്നതിനും സമയബന്ധിതമായി പദ്ധതി നടപ്പാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
2. വകയിരുത്തുന്ന തുക ചെലവഴിക്കാത്തതുമൂലം ഫണ്ട് വിനിയോഗത്തിൽ കുറവുണ്ടാകുവാനും തുടർവർഷങ്ങളിൽ ഫണ്ടുകൾ ലഭ്യമാകുന്നതിൽ കുറവുണ്ടാകുവാനും ഇടവരുത്തുന്നതാണ്. ആയതിനാൽ ആവിഷ്കരിച്ച പദ്ധതികൾ അതാത് സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
3. സമൂഹത്തിന്റെ താഴ്ന്ന നിലയിലുള്ളവരുടെ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.
4. പദ്ധതികൾ നടപ്പാക്കാത്തതുമൂലം അർഹരായവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാകാതെ പോകുന്നത് നീതി നിഷേധത്തിന് ഇടയാക്കുന്നതാണ്.

അപാകതകൾക്കുള്ള പരിഹാര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-15 എസ്.എസ്.എ തുക നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

എസ്.എസ്.എ.യുടെ പഞ്ചായത്ത് വിഹിതമായി ജില്ലാ പ്രൊജക്റ്റ് ഓഫീസിലേക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ | പ്രൊജക്റ്റിന്റെ | നിർവ്വഹ | ബിൽ | തുക |
|---|---|---|---|---|

| ഏജൻസി | പേര് | ഉദ്യോഗസ്ഥൻ | നമ്പർ | |
|---|---|---|---|---|
| പ്രോജക്ട് ഓഫീസ്, എസ്.എസ്.എ, പാലക്കാട് | 5/18 എസ്.എസ്.എ തുക നൽകൽ | സെക്രട്ടറി | 5/28-7-17 | 130602 |

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ലഭ്യമാക്കേണ്ടതാണ്.

സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.20/26-9-2018 നുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-16 കൊച്ചിക്കാട് എസ്.ടി കോളനി കമ്മ്യൂണിറ്റി ഹാളിന്റെ നിയന്ത്രണം ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ അധീനയതിലുള്ള ആസ്തികളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി കൊച്ചിക്കാട് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി ഹാളിൽ നിന്നും വരുമാനം ഉറപ്പാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. കമ്മ്യൂണിറ്റി ഹാളിലേക്ക് ആവശ്യമായ സാധന സാമഗ്രികൾ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകുകയും വൈദ്യുതി ചാർജ്ജ് ഒടുക്കുകയും ചെയ്യുന്നുണ്ട്.

പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. ഹാളിന്റെ വാടക ഉറപ്പാക്കേണ്ടതാണ്

ഹാളിന്റെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്ത് ആണ് ഒടുക്കി വരുന്നത്. പട്ടിക വർഗ്ഗ മേഖലയിലെ കമ്മ്യൂണിറ്റി ഹാളുകളുടെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്തിന് ഒടുക്കാമെങ്കിലും ഹാൾ വാടകയ്ക്ക് നൽകുന്നതിനുള്ള വാടക നിശ്ചയിക്കുകയോ വാടകയിനത്തിൽ പഞ്ചായത്തിന് വരുമാനം ഉറപ്പാക്കുയോ ചെയ്തിട്ടില്ല. പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതി മുതലായവ കണക്കിലെടുത്ത് ഹാളിന് ഉചിതമായ വാടക നിശ്ചയിച്ച് വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. ഹാളിലേയ്ക്ക് പാത്രങ്ങൾ വാങ്ങി നൽകിയതിലെ നടപടിക്രമങ്ങളിൽ അപാകത

പ്രോജക്ട് നം.- 212/18 പ്രകാരം 150000 രൂപയുടെ വികസന ഫണ്ട്(ടിഎസ്.പി) വകയിരുത്തി 145626 രൂപ തൻവർഷം പാത്രങ്ങൾ വാങ്ങി നൽകുവാൻ ചെലവഴിച്ചിട്ടുണ്ട്. വാങ്ങൽ നടപടിക്രമങ്ങളിൽ കൃത്യത പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

ബിൽ നമ്പർ 1/17-18തിയതി 30-6-18

പ്രധാന അപാകതകൾ

സ.ഉ.(പി) 259/2010/ ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പത്ര പരസ്യം നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത കാൻഡിഡ് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും 145626 രൂപ ചെലവഴിച്ച് വാങ്ങിയ 46 ഐറ്റം(പാത്രങ്ങൾ) സ്റ്റോക്കിലെടുക്കുകയോ വിതരണ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/24-9-18-ന് നൽകിയ മറുപടിയിൽ കമ്മ്യൂണിറ്റി ഹാളിന്റെ നടത്തിപ്പ് പഞ്ചായത്തിന്റെ ചുമതലയിലാണെന്നും, എസ്.ടി വിഭാഗക്കാർക്ക് വേണ്ടി മാത്രമുള്ളതാണെന്നും ഊരുമൂപ്പന്റെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാളിനായി വാങ്ങിയ പാത്രങ്ങൾ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനു ലഭ്യമാക്കുന്നതാണെന്നും, വരും വർഷങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കുന്നതാണെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വാങ്ങലുകൾ നടത്തുന്നത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കേണ്ടതും സ്റ്റാക്ക് വിവരം കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ്. വാങ്ങലുകളുടെ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതുവരെ 145626 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-17 പൊതുടാപ്പുകളുടെ എണ്ണം ക്രമീകരിച്ച് വെള്ളക്കരം കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട നിലയിൽ അല്ലാത്ത പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പ്രതിമാസ ചെലവുകളിലൊന്ന് ആയ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഉണ്ടാകുന്ന ചെലവ് കുറവു ചെയ്യുന്നതിനുള്ള മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 73 പൊതു ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ 31938 രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 383256 രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്. പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കാതെയാണ് തുക ഒടുക്കി വരുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതനുസരിച്ചുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

പൊതു ടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതാണെന്നും, ഗാർഹിക കണക്ഷനുകൾ നൽകി പൊതു ടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 21/26-9-2018 നുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പാക്കി, ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
2. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിഗണിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ -പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിലെ ജനങ്ങളുടെ സൗകര്യാർത്ഥം പഞ്ചായത്ത് വക സ്ഥലത്ത് നിർമ്മിക്കുന്നതിനായി ലക്ഷ്യമിട്ട ഒരു പൊതു ശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധതിമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ 173/18 (ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ)

അടങ്കൽ 5700000 (വികസന ഫണ്ട് - 1700000+CFC-200000 + ബ്ലോക്ക് പഞ്ചായത്ത് - 2000000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നാളിതുവരെയുള്ള ചെലവ് - 3420000

ബിൽ നമ്പർ 24/17-18തിയതി 28-12-18 - 1140000 (20%)

ബിൽ നമ്പർ 34/17-18തിയതി 24-2-18 - 1140000 (20%)

ബിൽ നമ്പർ 44/17-18തിയതി 28-3-18 – 580000

ബിൽ നമ്പർ 45/17-18തിയതി 28-3-18 – 560000 (20%)

ഗ്യാസ് ക്രിമറ്റോറിയത്തിന്റെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡിനെ എൽപ്പിക്കുവാൻ തീരുമാനിക്കുകയും കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാർ നമ്പർ 8/2017-18 തിയതി 5-12-2017 പ്രകാരം സൈറ്റ് ഏറ്റെടുത്ത് 8 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ക്രിമറ്റോറിയത്തിന്റെ നിർമ്മാണം 8/2018 ൽ പൂർത്തീകരിക്കേണ്ടതാണ്. നാളിതുവരെ 80% പ്രവൃത്തികൾ പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകുവാനായി പ്രസ്തുത സ്ഥാപനം അപേക്ഷ നൽകിയിട്ടില്ല. എന്നാൽ 8/8/2018-ലെ ഭരണ സമിതി മീറ്റിംഗിൽ കരാർ കാലാവധി 3 മാസത്തേക്ക് കൂടി നീട്ടി നൽകിയതായി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

15-12-2017 തീയതിയിലെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുന്നതിനുള്ള ചർച്ച നടത്തിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ പുരോഗതി വിലയിരുത്തിയതായി കാണുന്നില്ല.

എഗ്രിമെന്റ് വ്യവസ്ഥകളിൽ പ്രവൃത്തിയുടെ പൂർത്തീകരണം വൈകിയാൽ സ്വീകരിക്കേണ്ട തുടർനടപടികളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം 5/24-9-2018 ലെ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ

മറുപടിയിൽ ക്രിമറ്റോറിയത്തിന്റെ 80% പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഫർണസിന്റെയും, പുകക്കുഴലിന്റെയും നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും വയറിംഗ് പൂർത്തീകരിച്ച് വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 25-9-2018 ൽ ക്രമറ്റോറിയത്തിന്റെ പ്രവർത്തനങ്ങൾ പ്രസിഡന്റ് നേരിട്ട് വിലയിരുത്തുകയും ഒരു മാസത്തിനകം നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരണം ഉറപ്പാക്കുന്നില്ലെങ്കിൽ ഉചിതമായ വ്യവസ്ഥകളോടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കേണ്ടതാണ്.

2. ക്രിമറ്റോറിയത്തിന്റെ നടത്തിപ്പ് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന ഒരു ബൈലോ രൂപീകരിക്കേണ്ടതും അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

3. ജീവനക്കാരുടെ നിയമനം, വേതനം ഇന്ധനച്ചെലവ്, വൈദ്യുതി ചാർജ്ജ് മുതലായ കാര്യങ്ങൾ കണക്കിലെടുക്കേണ്ടതും പഞ്ചായത്തിന് ബാധ്യതയില്ലാത്ത വിധത്തിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

4. കാര്യക്ഷമമായ നിരീക്ഷണം ഉറപ്പാക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെ ക്രിമറ്റോറിയത്തിന്റെ മേൽനോട്ട ചുമതല രേഖാമൂലം ഏൽപ്പിക്കേണ്ടതും വരവ്-ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-19 ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ആരോഗ്യമേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ നടത്തിപ്പും തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ എത്രത്തോളം ശ്രദ്ധിച്ചിട്ടുണ്ട് എന്നും പരിശോധിച്ചതിൻെറ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

I. സാന്ത്വന പരിചരണ പദ്ധതി

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015 /തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ആവിഷ്കരിച്ച പാലിയേറ്റീവ് പരിചരണ പരിപാടി പ്രകാരം അർഹരായവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ടോ എന്നും പദ്ധതി നടത്തിപ്പ

രേഖകളുടെ സൂക്ഷിപ്പ് കൃത്യമാണോ എന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. 16/18-പാലിയേറ്റീവ് പരിചരണ പരിപാടി
അടങ്കൽ -700000 (വികസന ഫണ്ട്-500000 + ബ്ലോക്ക് വിഹിതം-200000)

ആകെ ചെലവ്-683026

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

എ. ചെലവു വിവരം

വീടുകൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ഇക്കാര്യത്തിനായി ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ വിഹിതമായി വകയിരുത്തിയ 700000 രൂപയിൽ 683026 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ബിൽ നമ്പരും തിയ്യതിയും | തുക |
|---|---|
| 1/5.8.17 | 77274 |
| 2/15.9.17 | 23674 |
| 3/25.9.17 | 31300 |
| 4/7.10.17 | 27608 |
| 5/20.11.17 | 25900 |
| 6/16.12.17 | 103580 |
| 7/9.2.18 | 116554 |
| 8/13.3.18 | 71250 |
| 9/26.3.18 | 18940 |
| Cheque no.1405873/26.3.18 | 186946 |
| ആകെ | 683026 |

ബി. പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരം

2018 മാർച്ച് 31 വരെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ആകെ 660 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആവശ്യമായ 122 പേരെ ഫോളോഅപ്പ് ഹോം കെയർ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ഗൃഹപരിചരണം തുടർന്നു വരികയും ചെയ്യുന്നുണ്ട്. ദിവസത്തിൽ ഒരു തവണയും ആഴ്ചയിൽ 2 മുതൽ 4 തവണയും മാസത്തിൽ ഒരു ദിവസവും വീടുകൾ സന്ദർശിച്ച് പരിചരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

പാലിയേറ്റീവ് രോഗി ബന്ധു സംഗമം, റാലി, പാലിയേറ്റീവ് ദിനാചരണം എന്നിവ

നടത്തി വരുന്നുണ്ട്. വിവിധ സംഘടനകളുടേയും, വ്യക്തികളുടേയും സംഭാവന മുഖേന നിർദ്ധനരായ രോഗികളുടെ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠന കിറ്റ് വിതരണം, ഓണകിറ്റ് വിതരണം, പാലിയേറ്റീവ് പദ്ധതിയുടെ കീഴിൽ രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

സി. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി)

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ പ്രകാരം പി.എം.സി രണ്ടുമാസത്തിലൊരിക്കലോ ഇടവേളകളിലോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ നടക്കുന്നില്ല.

ഡി. പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി (പി.ഐ.സി)

മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റിയുടെ (പി.ഐ.സി) രൂപീകരണം, കമ്മിറ്റിയിലെ അംഗങ്ങൾ, കമ്മിറ്റിയുടെ ചുമതലകൾ എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ മാസവും 5-ാം തിയതിക്കു മുമ്പായി പി.ഐ.സി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. രജിസ്റ്ററുകളുടെ പരിശോധനയിൽ തൻവർഷം ആകെ 2 യോഗങ്ങൾ മാത്രമാണ് നടന്നിട്ടുള്ളതെന്ന് (28.7.17, 28.3.18) ബോധ്യപ്പെട്ടു. പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രവർത്തനത്തോടൊപ്പം തന്നെ മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കേണ്ടതാണ്.

ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പി.എം.സി, പി.ഐ.സി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

2. പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും വിഹിതം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

4. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നു വരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

5. കൂടുതൽ സ്ഥലങ്ങളിൽ സംഭാവനാ ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ ഒരു വാർഡ് തല കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.
മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>II. ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ</u>

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ മരുന്ന് വിതരണം ചെയ്യുന്ന ഏജൻസിയുമായി എഗ്രമെന്റ് വെക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.
പ്രോജക്ട് നം.-13/18-ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ -500000 (എം.ജി-നോൺ റോഡ്)

ചെലവ്- 500000

നിർവ്വഹണം-എം.ഒ, ആയുർവേദം

ബിൽ നമ്പരും തിയ്യതിയും-2/25.10.17=500000/-

ആയുർവേദ ആശുപത്രിക്കായി മരുന്ന് വാങ്ങുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർ തയ്യാറാക്കിയ ഇന്റന്റ് പ്രകാരം 500000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, ഔഷധി, തൃശ്ശൂരിന്റെ അക്കൗണ്ടിലേക്ക് (591300590000015) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ആകെ 9 invoice കൾ പ്രകാരം മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ഡിസ്പെൻസറിയിൽ ലഭ്യമായതായും ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായും കണ്ടു. പല മരുന്നുകളും ലഭ്യമായിട്ടുള്ളത് മാസങ്ങൾ കഴിഞ്ഞാണ്. മരുന്നുകളുടെ സമയബന്ധിതമായ വിതരണം ഉറപ്പാക്കുന്നതിനായി തുക കൈമാറുമ്പോൾ പ്രസ്തുത സ്ഥാപനവുമായി എഗ്രിമെന്റ് ചമയ്ക്കേണ്ടതായിരുന്നുവെങ്കിലും അത്തരത്തിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. തുടർ വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

<u>III. ഹോമിയോ ആശുപത്രി സ്ഥാപിക്കൽ</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നില്ല. ഹോമിയോ ആശുപത്രി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഗ്രാമസഭയിൽ ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ 19/4/2017 ലെ ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിൽ വിഷയം ചർച്ച് ചെയ്യുകയും മിനിറ്റ്സിൽ തീരുമാനം 2 ആയി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നാളിതുവരെ ഉണ്ടായിട്ടില്ല. ഹോമിയോ ആശുപത്രി

സ്ഥാപിക്കുന്നതിൻെറ ആവശ്യകത ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻിംഗ് കമ്മിറ്റി നാളിതുവരെ ചർച്ചചെയ്തിട്ടില്ല. ആശുപത്രി സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.2/22.9.18 നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യമില്ലാത്തതിനാലാണ് നടപടികൾ സ്വീകരിക്കാതിരുന്നതെന്നും ആയത് ലഭ്യമാക്കി ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1947058 | ഉഴവുകൂലി | 1947058 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 450000 | ക്ഷീര കർഷകർക്ക് സബ്സിഡി | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2000000 | ഗ്യാസ് ക്രിമിട്ടോറിയം | -- | 2000000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2352942 | ഉഴവുകൂലി | 2327705 | 25237 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ക്ഷീര കർഷകർക്ക് സബ്സിഡി | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| ജല അതോറിറ്റി അതോറിറ്റി | 166/18-വാർഡ് 3-പൈപ്പ് ലൈൻ നീട്ടൽ | ചെക്ക് നം. 2231127/16.01.18 | 100000 | -- | 100000 |
| | 262/18-അമ്പാട്ടു പറമ്പ് പൈപ്പ്ലൈൻ നീട്ടൽ | 36/13-3-2018<br>37/13-3-2018 | 40000<br>90000<br>----------<br>130000 | -- | 130000 |
| | 241/18-അമ്പാട്ടു പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | 28/8-2-2018 | 400000 | -- | 400000 |
| | 211/18-തെക്കേക്കാട് പൈപ്പ് ലൈൻ നീട്ടൽ | 26/17-102018 | 300000 | -- | 300000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. തിരിച്ചടവിന്റെ വിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം. / തിയതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | ആകെ |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന നിർമ്മാണം | സ.ഉ (ആർടി) നം. 799/ 2010/ തസ്വഭവ<br>തി.<br>9-3-2010 | 10773250 | 2102950 | 1077325 | | 1025625 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 37786 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും | രസീതി നം. /<br>തിയതി |
|---|---|---|---|---|
| 2016-17 | 3-16<br>(ഭാഗികം) | 4861<br>2492 | ശ്രീമതി.ഉമ.ടി.എൻ<br>അസി.എഞ്ചിനിയർ | 11705010151992/ 17-10 -2017<br>117009101561/24-08 -2017 |
| 2016-17 | 3-17(2)<br>(ഭാഗികം) | 30433 | ശ്രീമതി.ഉമ.ടി.എൻ<br>അസി.എഞ്ചിനിയർ | 11705010154293/ 21-02 -2018 |
| ആകെ | | 37786 | | |

37786 രൂപ ഓഡിറ്റ് റിക്കവറി ഉണ്ടെങ്കിലും വാർഷിക കണക്കിൽ 35294 രൂപ മാത്രമാണ് ഓഡിറ്റ് റിക്കവറി ഹെഡിൽ വരവ് വെച്ചിട്ടുള്ളത്.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84304641 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85464838 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52731 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 183876 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 19581 | ശ്രീ.സേതു.എസ്<br>അസി.എഞ്ചിനിയർ |
| 3-8 | | 30020 | ശ്രീ.സേതു.എസ്<br>അസി.എഞ്ചിനിയർ |
| 3-9(1) | | 364 | ശ്രീ.സേതു.എസ്<br>അസി.എഞ്ചിനിയർ |
| 3-9(2) | | 266 | ശ്രീ.സേതു.എസ്<br>അസി.എഞ്ചിനിയർ |
| 3-12 | | 2500 | ശ്രീമതി.ഷൈലജ.ബി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | - | 52731 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 38250 | ശ്രീ.ഇ.വി.ഗിരീഷ്,<br>സെക്രട്ടറി |
| 3-16 | 145626 | ശ്രീ.ഇ.വി.ഗിരീഷ്<br>സെക്രട്ടറി |
| ആകെ | 183876 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഇ.വി.ഗിരീഷ്,<br>സെക്രട്ടറി | സെക്രട്ടറി, പട്ടഞ്ചേരി<br>ഗ്രാമപഞ്ചായത്ത് | ശ്രീകൃപ, എഴുത്താണി,<br>വിളയോടി(പി.ഒ),<br>പാലക്കാട്-679103 |
| ശ്രീ.സേതു.എസ്<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ,<br>നല്ലേപ്പിള്ളി<br>ഗ്രാമപഞ്ചായത്ത് | മാമ്പുള്ളി വീട്, ചുള്ളിമട,<br>കഞ്ചിക്കോട്,<br>പാലക്കാട്-678621 |
| ശ്രീമതി.ഷൈലജ.ബി<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | വിരമിച്ചു. | വടക്കേ വീട്,<br>അത്തിക്കുഴി,<br>ചിറ്റൂർ പി.ഒ,<br>പാലക്കാട്-678101 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി9/597 /99/24-9-1999 | 8 |
| 1997-98 | എൽ.എഫ്.പി12/244 /03/2-4-2003 | 5 |
| 1998-99 | എൽ.എഫ്.പി12/414 /02/1-10-2002 | 8 |
| 1999-2000 | എൽ.എഫ്.പി11/1557 /09/6-9-2010 | 11 |
| 2000-2001 | എൽ.എഫ്.പി11/1247/08/ 19-2-2009 | 6 |
| 2001-02 | എൽ.എഫ്.പി11/1542/09/ 13-4-2010 | 4 |
| 2002-03 | എൽ.എഫ്.പി11/79 /09/11-2-2009 | 5 |
| 2003-04 | എൽ.എഫ്.പി11/948/08/ 22-10-2009 | 12 |
| 2004-05 | എൽ.എഫ്.പി11/1371/11/ 20-9-2011 | 19 |
| 2005-06 | എൽ.എഫ്.പി19/595/15/11-6-15 | 11 |
| 2006-07 | എൽ.എഫ്.പി11/1332/ spl.cell/C.Sc/D3/12/ 1-1-13 | 2 |
| 2007-08 | എൽ.എഫ്.പി11/375/12/ 10.4.12 | 1 |
| 2008-09 | എൽ.എഫ്.പി11/1979/11/ /16-1-12 | 10 |
| 2009-10 & 2010-11 | കെ.എസ്.എ.പി.കെ.ഡി-19/328 /16(2)/20.3.17 | 11 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.പി.കെ.ഡി-19/481/14/ 3.514 | 11 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി-19/392(1)/15/ 20.4.17 | 19 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി-19/466/16/ 4-4-17 | 26 |
| 2015- 2016 | കെ.എസ്.എ.പി.കെ.ഡി-19/119/ 17/8-2-17 | 14 |
| 2017- 2018 | കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017 | 24 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

-

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ

പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പട്ടഞ്ചേരിയിലെ ചെക്ക് നം.197700 തിയ്യതി 29.06.2016 (തുക ₹3200/-), ചെക്ക് നം. 198470 തിയ്യതി 14.12.2016 (തുക ₹5800) എന്നിവ 'കാലാവധി കഴിഞ്ഞ ചെക്കുകൾ' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

2) വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി കുടിശ്ശിക സഞ്ചയയിലെ ഡിമാന്റ് കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

3) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

5) പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് തുകകൾ അതാത്

ആസ്തികളിലേയ്ക്ക് വരവ് വച്ചിട്ടുണ്ട്.

6) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7) നിർവഹണോദ്യോഗസ്ഥർ പഞ്ചായത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

8) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ ₹ 100000/- നെഗറ്റീവ് സംഖ്യയാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 2

## വിവിധ പത്രികകൾ

### 1. റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം

**Pattencherry Grama Panchayat**
**Receipt And Payment Statement**
**For the period from 01-April-2017 To 31-March-2018**

| ***Code*** | ***Head Account*** | ***Schedule*** | ***Amount(Rs.)*** |
|---|---|---|---|
| | **Opening Balance** | | |
| | Bank | RP-40(a) | 88,25,055.00 |
| | Cash | RP-40(a) | 26,639.00 |
| | **Receipts** | | |
| **Operating** | | | |
| 110000000 | Tax Revenue | RP-1 | 10,13,370.00 |
| 140000000 | Fees & User Charges | RP-4 | 6,34,638.00 |
| 150000000 | Sale & Hire Charges | RP-5 | 82,520.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6,61,93,587.00 |
| 171000000 | Interest Earned | RP-9 | 1,99,670.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 96,25,340.00 |
| 350000000 | Other Liabilities | RP-36 | 47,642.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.00 |
| **Non** | | | |

| | | | |
|---|---|---|---|
| **Operating** | | | |
| 180000000 | Other Income | RP-10 | 18,17,250.00 |
| 311000000 | Earmarked Funds | RP-29 | 721.00 |
| 340000000 | Deposits Received | RP-34 | 1,55,549.00 |
| 350000000 | Other Liabilities | RP-36 | 1,87,784.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 35,92,325.00 |
| 460000000 | Loans, Advances and Deposits | RP-47 | 7,54,245.00 |
| **Grand Total** | | | **9,31,56,335.00** |
| | **Payments** | | |
| **Operating** | | | |
| 210000000 | Establishment Expenses | RP-11 | 25,63,901.00 |
| 220000000 | Administrative Expenses | RP-12 | 8,03,089.00 |
| 230000000 | Operations & Maintenance | RP-13 | 27,50,561.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 50,52,125.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 1,13,70,372.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 24,99,193.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 6,50,168.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentrali | RP-19 | 34,12,977.00 |
| 255000000 | Maintenance Projects | RP-20 | 1,34,71,985.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 36,000.00 |
| 280000000 | Prior Period Item | RP-26 | 15,99,755.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 60,90,671.00 |
| 350000000 | Other Liabilities | RP-36 | |
| **Non Operating** | | | 57,89,772.00 |
| 240000000 | Interest & Finance Charges | RP-14 | 777.00 |
| 280000000 | Prior Period Item | RP-26 | -5,230.00 |
| 330000000 | Secured Loans | RP-32 | 10,77,325.00 |
| 340000000 | Deposits Received | RP-34 | 1,37,127.00 |
| 350000000 | Other Liabilities | RP-36 | 23,58,542.00 |
| 410000000 | Fixed Assets | RP-38 | 1,61,89,849.00 |
| 412000000 | Capital Work In Progress | RP-40 | 35,97,220.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 49,49,667.00 |
| 460000000 | Loans, Advances and Deposits | RP-47 | 10,68,992.00 |
| | **Closing Balance** | | |
| | Bank | RP-40(b) | 75,60,669.00 |
| | Cash | RP-40(b) | 1,30,828.00 |
| **Grand Total** | | | **9,31,56,335.00** |

## 2. ഇൻകം ആന്റ് എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് – സംക്ഷിപ്തം

**Pattencherry Grama Panchayat**

**Income & Expenditure Statement**
**For the period from 01-April-2017 to 31-March-2018**

| *Code* | *Head Of Account* | *Schedule* | *Amount(Rs.)* |
|---|---|---|---|
| **Income** | | | |
| 110000000 | Tax Revenue | I-1 | 30,10,859.00 |
| 130000000 | Rental Income from Panchayat Properties | I-3 | 52,992.00 |
| 140000000 | Fees & User Charges | I-4(b) | 6,66,158.00 |
| 150000000 | Sale & Hire Charges | I-5(b) | 89,370.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 12,72,93,214.00 |
| 171000000 | Interest Earned | I-8 | 1,99,670.00 |
| 180000000 | Other Income | I-9 | 20,76,075.00 |
| **A** | **Total-Income** | | **13,33,88,338.00** |
| **Expenditure** | | | |
| 210000000 | Establishment Expenses | I-10(b) | (1,00,23,187.00) |
| 220000000 | Administrative Expenses | I-11(b) | (8,65,449.00) |
| 230000000 | Operations & Maintenance | I-12(b) | (32,55,436.00) |
| 240000000 | Interest & Finance Charges | I-13 | (777.00) |
| 250000000 | Decentralised Plan Programme - Productive Sector | I-14 | (90,10,021.00) |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | (3,50,31,954.00) |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | (24,99,193.00) |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(c) | (6,50,168.00) |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | (5,09,24,177.00) |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | (1,34,71,985.00) |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | (36,000.00) |
| **B** | **Total-Expenditure** | | **(12,57,68,347.00)** |
| C = A-B | Gross Surplus/Deficit of Income over Expenditure | | |
| | | | **76,19,991.00** |
| **D=** | 280000000 | Prior Period Item I-18 | -1630779 |
| **E = C-D** | *Gross Surplus/Deficit of Income over Expenditure after prior period items* | | **59,89,212.00** |
| 290000000 | Transfer to Reserve Funds | | |
| | *Net Balance being surplus/deficit carried over to Balance sheet (Panchayat Fund)* | | |

3. ബാലൻസ് ഷീറ്റ്-സംക്ഷിപ്തം

**Pattencherry Grama Panchayat**
**BALANCE SHEET**
**As on 31-March-2018**

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve& Surplus** | | |
| | Muncipal (General) Fund [Code No 310] | B-1 | 12755406.35 |
| | Earmarked Funds | B-2 | 16743.00 |
| | Reserves | B-3 | 71871523.00 |
| | ***Total Reserve& Surplus*** | | **84643672.35** |
| | **Grants,Contributions for specific purposes** | | |
| | Grants, Funds & Contributions for Specific Purposes | B-4 | 4885039.00 |
| | ***Total Grants,Contributions for specific purposes*** | | **4885039.00** |
| | **Loans** | | |
| | Secured Loans | B-5 | 1025625.00 |
| | ***Total Loans*** | | **1025625.00** |
| | **Current Liabilities and Provisions** | | |
| | Deposits Received | B-7 | 359819.00 |
| | Deposit Works | B-8 | 0.00 |
| | Other Liabilities | B-9 | 951411.89 |
| | ***Total Current Liabilities and Provisions*** | | **1311230.89** |
| | **TOTAL LIABILITIES** | | **91865567.24** |
| | **ASSETS** | | |
| | **Fixed Assets** | | |

| | | |
|---|---|---|
| Fixed Assets | B-11 | 71973250.00 |
| Capital Work In Progress | B-11(a) | 4871348.00 |
| ***Total Fixed Assets*** | | **76844598.00** |
| **Current Assets,Loans and Advances** | | |
| Stock-in-hand | B-14 | 0.00 |
| Sundry Debtors (Receivables) | B-15 | 5221289.24 |
| Pre-paid Expenses | B-16 | 1025625.00 |
| Cash and Bank balance | B-17 | 7691497.00 |
| Loans, Advances and Deposits | B-18 | 1082558.00 |
| ***Total Current Assets,Loans and Advances*** | | **15020969.24** |
| **TOTAL ASSETS** | | **91865567.24** |